19
വ്യാഴം
ജനുവരി 2023
1198 മകരം 05
Vol0 5 Issue No.112

# കേരള പ്രണാമം

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# കാഹളം മുഴങ്ങി

## ത്രിപുരയടക്കം മൂന്ന് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു; ലക്ഷദ്വീപിൽ ഉപതെരഞ്ഞെടുപ്പ്



**ദില്ലി :** ത്രിപുര, മേഘാലയ, നാഗാലാൻറ് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ തിയ്യതി പ്രഖ്യാപിച്ചു. ഫെബ്രുവരി 16 ന് ത്രിപുരയിലും ഫെബ്രുവരി 27 ന് മേഘാലയിലും നാഗാലാന്റിലും തെരഞ്ഞെടുപ്പ് നടക്കും. മാർച്ച് 2 നാകും മൂന്നിടത്തും വോട്ടെണ്ണലെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പ് തിയ്യതി പ്രഖ്യാപിച്ചതോടെ മൂന്നിടത്തും മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു. ലക്ഷദ്വീപ് എംപിയായിരുന്ന മുഹമ്മദ് ഫൈസലിനെ അയോഗ്യനാക്കിയ സാഹചര്യത്തിൽ ലക്ഷ ദ്വീപിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് തിയതിയും പ്രഖ്യാപിച്ചു. ഫെബ്രുവരി 27 നാകും ലക്ഷദ്വീപിൽ തെരഞ്ഞെടുപ്പ് നടക്കുക. വളരെ വേഗത്തിലുള്ള നീക്കമാണ് ലക്ഷദ്വീപ് തെരഞ്ഞെടുപ്പ് പ്രഖ്യാപനം. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മൂന്ന് സംസ്ഥാനങ്ങളിലുമായി 62.8 ലക്ഷം വോട്ടർമാരാണ് പോളിംഗ് ബൂത്തിലേക്കെത്തുക. തിയ്യതി പ്രഖ്യാപനത്തിന് മുന്നോടിയായി മൂന്ന് സംസ്ഥാനങ്ങളിലെയും ഒരുക്കങ്ങൾ നേരിട്ട് വിലയിരുത്തിയതായി ഇലക്ഷൻ കമ്മീഷൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മൂന്ന് സംസ്ഥാനങ്ങളിലുമായി 9,125 പോളിങ് സ്റ്റേഷനുകൾ തയ്യാറാക്കും. ഇവയിൽ 70% പോളിങ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിംഗ് ഉണ്ടായിരിക്കും. വോട്ടർ ഐഡി കാർഡ് ഉൾപ്പെടെയുള്ള 12 തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് ജനങ്ങൾക്ക് വോട്ട് ചെയ്യാം. വ്യാജ വീഡിയോകൾ തടയാൻ പോളിങ് ബൂത്തിന് അകത്തും ബൂത്ത് നമ്പർ അടക്കമുള്ളവ രേഖപ്പെടുത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. വ്യാജ ദൃശ്യങ്ങൾ പ്രചരിക്കുന്നത് തടയുന്നതിനാണ് ഈ സംവിധാനം. ഈ വർഷം നടക്കാൻ പോകുന്ന പത്ത് സംസ്ഥാനങ്ങളിലേക്കുള്ള പോരാട്ടങ്ങളുടെ തുടക്കമാണ് വടക്കു-കിഴക്കൻ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ ആരംഭിച്ചത്. തെരഞ്ഞെടുപ്പ് കാഹളം മുഴങ്ങിയതോടെ ഇനി രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ശക്തമാക്കും. മൂന്ന് സംസ്ഥാനങ്ങളിലേയും സർക്കാരുകളിൽ ബിജെപി ഭാഗമാണ്. ത്രിപുരയിൽ ബിജെപിക്കെതിരെ സിപിഎം കോൺഗ്രസ് ധാരണയായതോടെ മത്സരം ശക്തമാകും. വിശാല പ്രതിപക്ഷ ഐക്യത്തിലേക്ക് പ്രത്യുദ് ദേബ് ബർമൻറെ തിപ്ര മോത പാർട്ടിയെ കൂടി കൊണ്ടു വരാനാണ് രണ്ടു പാർട്ടികളും ശ്രമിക്കുന്നത്. മോദി പ്രഭാവവും സംസ്ഥാന സർക്കാരിൻറെ വികസനവും വോട്ടാക്കി ഭരണ തുടർച്ച നേടാനായി ത്രിപുരയിൽ റാലികളുമായി ബിജെപി സജീവമാണ്. ബിപ്ലബ് ദേവിനെ മാറ്റി മണിക് സാഹയെ മുഖ്യമന്ത്രിയെ ആക്കിയതിലൂടെ ഭരണവിരുദ്ധ വികാരവും ആഭ്യന്തരപ്രശ്നവും പരിഹരിക്കാനായെന്നും ബിജെപി കരുതുന്നു. മേഘാലയിൽ നാഷണൽ പീപ്പിൾ പാർട്ടിയും ബിജെപിും ചേർന്ന സഖ്യമായ എംഡിഎ ആണ് ഭരിക്കുന്നത്. 20 സീറ്റ് എംഡിഎക്കും മൂന്ന് സീറ്റ് ബിജെപിക്കുമുണ്ട്. സഖ്യമില്ലാതെ ഒറ്റക്ക് മത്സരിക്കുമെന്നാണ് മുഖ്യമന്ത്രി കൊൺറാഡ് സാഗ്മയുടെ എൻപിപിയുടെ പ്രഖ്യാപനം. കോൺഗ്രസിനെ ഞെട്ടിച്ച് തൃണമൂൽ കോൺഗ്രസ് കഴിഞ്ഞ വർഷം 17 ൽ 12 എംഎൽഎമാരെയും ഒപ്പമെത്തിച്ച് മുഖ്യ പ്രതിപക്ഷമായിരുന്നു. എന്നാൽ ഇതിൽ എട്ട് എംഎൽഎമാർ മാത്രമേ ഒപ്പമുള്ളുവെന്നതാണ് ടിഎംസി നേരിടുന്ന പ്രതിസന്ധി. നാഗാലൻറിൽ 42 സീറ്റുള്ള എൻഡിപിപിയാണ് ഏറ്റവും വലിയ ഒറ്റകക്ഷി. 12 സീറ്റുള്ള ബിജെപിയും ചേർന്നുള്ള യുഡിഎ ആണ് സംസ്ഥാനം ഭരിക്കുന്നത്.

# ഫെബ്രുവരി ഒന്നുമുതൽ ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധം– മന്ത്രി



**തിരുവനന്തപുരം:** ഫെബ്രുവരി ഒന്നുമുതൽ സംസ്ഥാനത്തെ ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഹെൽത്ത് കാർഡില്ലാത്ത ജീവനക്കാരുള്ള സ്ഥാപനങ്ങൾ തുറക്കാൻ അനുവദിക്കില്ല. പൂർണമായ പരിശോധനയില്ലാതെ വ്യാജ സർട്ടിഫിക്കറ്റുകൾ നൽകിയാൽ ഡോക്ടർമാരുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ റദ്ദാക്കുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.ഹോട്ടൽ ജീവനക്കാരുടെ താമസസ്ഥലങ്ങളിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തും. അതിഥി തൊഴിലാളികളടക്കമുള്ളവർ താമസിക്കുന്ന സ്ഥലങ്ങളിലെ സാഹചര്യവും ശുചിത്വവും പരിശോധിക്കും. കേരളത്തെ 'സേഫ് ഫുഡ് ഡെസ്റ്റിനേഷനാ'ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

കേരളത്തിലുള്ളവർക്കും പുറത്തുനിന്നെത്തുന്നവർക്കും സംസ്ഥാനത്തെ ഏത് ഹോട്ടലിൽനിന്നും ഭക്ഷണം കഴിക്കാവുന്ന സാഹചര്യം സൃഷ്ടിക്കും. ഇതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പരിശോധനകൾ കർശനമാക്കും. ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങളുടെ പേരുവിവരം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# കർദിനാളും നിയമം പാലിക്കണമെന്ന് സുപ്രീംകോടതി; നിലപാടിൽ സമദൂരം പാലിച്ച് സംസ്ഥാനം



**ന്യൂഡൽഹി:** സിറോ മലബാർസഭയുടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കേസിൽ വിചാരണക്കോടതിയിൽ ഹാജരാകാത്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ നടപടിയെ സുപ്രീംകോടതി വിമർശിച്ചു. കർദിനാളും നിയമം പാലിക്കാൻ ബാധ്യസ്ഥനാണെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. കർദിനാൾ വിചാരണക്കോടതിയിൽ ഹാജരാകണമെന്ന ഉത്തരവ് സ്റ്റേ ചെയ്തിട്ടില്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. അതേസമയം, വിചാരണക്കോടതി നിർദേശിച്ച ദിവസങ്ങളിൽ ചില അസൗകര്യമുണ്ടായതിനാൽ ഹാജരാകാതിരുന്നതാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സിദ്ധാർഥ് ലൂതറ സുപ്രീം കോടതിയെ അറിയിച്ചു. വിചാരണക്കോടതിയിൽ ഹാജരാകണമെന്ന ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്നും ലൂതറ കോടതിയിൽ വ്യക്തമാക്കി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടേത് ഉൾപ്പടെയുള്ള ഹർജികൾ വിധി പറയാനായി സുപ്രീം കോടതി മാറ്റി.

**പള്ളി ഭൂമി വിൽക്കാനുള്ള ബിഷപ്പുമാരുടെ അധികാരം; നിലപാട് വ്യക്തമാക്കാതെ സർക്കാർ**

പള്ളി ഭൂമികൾ പൊതു ട്രസ്റ്റിന്റെ ഭാഗമായി വരുമെന്നും സിവിൽ നടപടി ചട്ടത്തിലെ 92-ാം വകുപ്പ് ബാധകമായിരിക്കുമെന്നുമുള്ള ഹൈക്കോടതി നിലപാടിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ അഭിഭാഷകരോട് കോടതി നിലപാട് ആരാഞ്ഞു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടില്ലെന്നും അതിനാൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാൻ കഴിയില്ലെന്നും സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത കോടതിയെ അറിയിച്ചു. കേസ് റദ്ദാക്കാൻ നൽകിയ ഹർജിയിൽ ഹൈക്കോടതി ഇത്തരമൊരു നിർദേശം നൽകിയത് നിയമപരമായി തെറ്റാണെന്നും അദ്ദേഹം വാദിച്ചു.

കർദിനാളിനെതിരായ ഒരു പരാതി സർക്കാർ അന്വേഷണം നടത്തി അവസാനിപ്പിച്ചു. സർക്കാർ ഭൂമിയാണ് വിറ്റത് എന്ന ആരോപണം തെറ്റാണെന്ന് കണ്ടെത്തി. നിയമവിരുദ്ധമായി ഒന്നും കണ്ടെത്തിയിട്ടില്ല. കോടതി ആവശ്യപ്പെട്ടാൽ ഇനിയും അന്വേഷിക്കാമെന്ന് സർക്കാരിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്തയും സ്റ്റാൻഡിങ് കോൺസൽ നിഷേ രാജൻ ഷൊങ്കറും കോടതിയെ അറിയിച്ചു.

**കത്തോലിക്കാ പള്ളികൾക്ക് ബാധകം കാനോൻ നിയമം; പള്ളിവക സ്ഥാപനങ്ങൾക്ക് ബാധകം മറ്റുനിയമങ്ങൾ**

കത്തോലിക്കാ പള്ളികൾക്ക് ബാധകം കാനോൻ നിയമമാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും സീറോ മലബാർ സഭയുടെ താമരശ്ശേരി രൂപതയും സുപ്രീം കോടതിയിൽ വാദിച്ചു. പള്ളി സ്വത്തുക്കൾ ട്രസ്റ്റാണെന്ന മലങ്കര സഭാ കേസിലെ വിധി തങ്ങൾക്ക് ബാധകമല്ലെന്ന് രൂപതകൾക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സി.യു. സിങ്, അഭിഭാഷകരായ റോമി ചാക്കോ, വി.എസ്. റോബിൻ എന്നിവർ വാദിച്ചു. അതേസമയം, കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങൾ രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്ന് അഭിഭാഷകർ ചൂണ്ടിക്കാട്ടി.ഹൈക്കോടതി വിധിയെ പിന്തുണച്ച് പരാതിക്കാരനായ ജോഷി വർഗീസ് പള്ളികളുടെ ഭൂമിയും ആസ്തിയും വിൽക്കാൻ ബിഷപ്പുമാർക്ക് അധികാരമില്ലെന്ന ഹൈക്കോടതി ഉത്തരവിനെ ന്യായീകരിച്ച് പരാതിക്കാരനായ ജോഷി വർഗീസിന്റെ സീനിയർ അഭിഭാഷകൻ ജയന്ത് മുത്തുരാജ്. നിയമവിരുദ്ധമായ ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടതിനാലാകാം ഹൈക്കോടതി ഇത്തരമൊരു നിർദേശം നൽകിയതെന്ന് മുത്തുരാജ് വാദിച്ചു. പരാതിയിൽ പറയുന്ന ആരോപണങ്ങൾ ഒരു കോടതിയിലും കർദിനാൾ ചോദ്യം ചെയ്തിട്ടില്ലെന്നും അദ്ദേഹം വാദിച്ചു. സീനിയർ അഭിഭാഷകനായ ജയന്ത് മുത്തുരാജിനുപുറമേ അഭിഭാഷക മീന പൗലോസും ജോഷി വർഗീസിനുവേണ്ടി ഹാജരായി.

ക്രിമിനൽ നടപടി ചട്ടത്തിലെ 482-ാം വകുപ്പുപ്രകാരം കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കർദിനാൾ ഫയൽചെയ്ത ഹർജിയിൽ പള്ളികളുടെ ഭൂമിയും ആസ്തിയും വിൽക്കാൻ ബിഷപ്പുമാർക്ക് അധികാരമില്ലെന്ന ഹൈക്കോടതി നിർദേശിച്ചതിനെ സുപ്രീം കോടതി വിമർശിച്ചു. ഇക്കാര്യത്തത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്ന ഹൈക്കോടതി ലക്ഷ്മണ രേഖ കടന്നതായി ജസ്റ്റിസുമാരായ ദിനേശ് മഹേശ്വരി, ബേല എം. ത്രിവേദി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.കക്ഷിചേരാനുള്ള അപേക്ഷകൾ തള്ളിസിറോ മലബാർ സഭയുടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കേസിൽ കക്ഷിചേരാനുള്ള വിവിധ അപേക്ഷകൾ സുപ്രീംകോടതി തള്ളി. ഷൈൻ വർഗീസും കേരള കാത്തലിക് ചർച്ച് റിഫോംസ് മൂവ്മെന്റും നൽകിയ അപേക്ഷകളാണ് തള്ളിയത്. ഷൈൻ വർഗീസിനുവേണ്ടി സീനിയർ അഭിഭാഷകൻ വി. ഗിരിയും അഭിഭാഷകൻ രാകേന്ദ് ബസന്തുമാണ് ഹാജരായത്. കേരള കാത്തലിക് ചർച്ച് റിഫോംസ് മൂവ്മെന്റിനുവേണ്ടി അഭിഭാഷകൻ പി.വി. ദിനേശ് ഹാജരായി. പള്ളികളുടെ വസ്തുക്കളുമായി ബന്ധപ്പെട്ട വിഷയത്തിൽ ബിഷപ്പ് രാജ്യത്തെ നിയമങ്ങൾ പാലിക്കണമെന്നും മതപരമായ കാര്യങ്ങളിൽ കാനോൻ നിയമം പാലിക്കണമെന്നുമാണ് അദ്ദേഹം വാദിച്ചത്. കേസ് അവസാനിപ്പിക്കാൻ നൽകിയ റിപ്പോർട്ടിനെതിരെ വിചാരണക്കോടതിയെ സമീപിക്കാൻ അനുവദിക്കണമെന്ന ഇവരുടെ ആവശ്യം കോടതി അംഗീകരിച്ചു.

# ബിജെപിക്ക് ഇരട്ടമുഖമെന്ന് മമത



**ഷില്ലോങ്:** തിരഞ്ഞെടുപ്പ് സമയത്ത് ഒന്നു പറയുകയും തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ വേറൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ഇരട്ടമുഖമാണ് ബി.ജെ.പി.ക്കെന്ന് ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. മേഘാലയയിലെ നോർത്ത് ഗാരോ ഹിൽസ് ജില്ലയിലെ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മെച്ചപ്പെട്ട ഭരണം കാഴ്ചവെക്കുന്ന ഒരേയൊരു പാർട്ടി തൃണമൂൽ കോൺഗ്രസാണെന്നും മമത പറഞ്ഞു. ജനങ്ങളുടെ സ്വപ്നങ്ങൾ നിറവേറ്റുന്ന പാർട്ടിയാണ് തങ്ങളുടെതെന്നും മമത അവകാശപ്പെട്ടു.ബി.ജെ.പി.ക്ക് ഇരട്ട മുഖമാണ്. തിരഞ്ഞെടുപ്പ് കാലത്ത് ഒന്നു പറയും. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ വേറൊന്ന് പ്രവർത്തിക്കുകയും ചെയ്യും. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്കു മാത്രമാണ് കേന്ദ്രസർക്കാർ പണം നൽകുന്നതെന്നും തൃണമൂലിന് വോട്ട് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് അവർ പറഞ്ഞു.മേഘാലയയിൽ കഴിഞ്ഞ അഞ്ചുവർഷമായി എൻ.പി.പി. പാർട്ടി ചെയ്തതെന്താണ്? ചെയ്ത പ്രവർത്തനങ്ങളുടെ രേഖ കാണിക്കാൻ അവരെ വെല്ലുവിളിക്കുന്നു. വർഷമിത്ര കഴിഞ്ഞിട്ടും മേഘാലയയിലെ വീടുകളിൽ വൈദ്യുതിയെത്താത്തതെന്തുകൊണ്ടാണ്? യുവ തലമുറയ്ക്ക് തൊഴിലവസരങ്ങൾ ലഭിക്കാത്തതെന്തുകൊണ്ടാണ്? അഴിമതി നിറഞ്ഞ ഈ ഭരണത്തിൽനിന്നുള്ള ഒരു മാറ്റമാണ് ആഗ്രഹിക്കുന്നതെങ്കിൽ ടി.എം.സി. മാത്രമാണ് വിശ്വാസയോഗ്യമായ ഒരു ബദലെന്നും അവർ വ്യക്തമാക്കി.അൻപതിനായിരത്തോളം പേർ പങ്കെടുത്ത പൊതുയോഗത്തിലായിരുന്നു മമതയുടെ പ്രസംഗം. തൃണമൂൽ ദേശീയ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയും മമതയോടൊപ്പമുണ്ടായിരുന്നു. മേഘാലയയിൽ ഫെബ്രുവരി 27-ന് നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വലിയ പ്രതീക്ഷയാണ് തൃണമൂൽ കോൺഗ്രസ് വെച്ചുപുലർത്തുന്നത്. 2021-ൽ മേഘാലയയിലെ 17 കോൺഗ്രസ് എം.എൽ.എ.മാരിൽ 12 പേരും തൃണമൂലിനൊപ്പം ചേർന്നിരുന്നു. 60 അംഗ മേഘാലയ നിയമസഭയിലെ മുഖ്യ പ്രതിപക്ഷ പാർട്ടിയായിരുന്നു കോൺഗ്രസ്.

# അന്വേഷണ ഏജൻസികളോട് സോഴ്സ് വെളിപ്പെടുത്തുന്നതിൽ മാധ്യമപ്രവർത്തകർക്ക് ഇളവില്ല– ഡൽഹി കോടതി



**ന്യൂഡൽഹി:** അന്വേഷണ ഏജൻസികൾക്ക് മുമ്പാകെ വാർത്തയുടെ സോഴ്സ് വെളിപ്പെടുത്താതിരിക്കാനുള്ള നിയമപരമായ ഇളവ് മാധ്യമ പ്രവർത്തകർക്ക് ഇല്ലെന്ന് ഡൽഹി റോസ് അവന്യൂ കോടതി. ക്രിമിനൽ കേസ് അന്വേഷണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ മാധ്യമ പ്രവർത്തകർ സോഴ്സ് വെളിപ്പെടുത്തണമെന്നും ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് അഞ്ജനി മഹാജൻ വ്യക്തമാക്കി. വ്യാജരേഖ ചമച്ച കേസിൽ അന്വേഷണം അവസാനിപ്പിക്കാൻ സിബിഐ നൽകിയ റിപ്പോർട്ട് തള്ളിക്കൊണ്ടാണ് കോടതിയുടെ നിരീക്ഷണം.

മുലായം സിങ് യാദവിന്റെയും കുടുംബാംഗങ്ങളുടെയും വരവിൽകവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ചില രേഖകൾ 2009 ഫെബ്രുവരി ഒമ്പതിന് ചില വാർത്താ ചാനലുകൾ പുറത്തുവിട്ടിരുന്നു. മുലായവുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതി പരിഗണിക്കുന്നതിന്റെ തലേന്നായിരുന്നു ഈ റിപ്പോർട്ടുകൾ പുറത്തുവന്നത്.

എന്നാൽ പ്രസിദ്ധീകരിച്ച രേഖകൾ വ്യാജമാണെന്നും അന്വേഷണ ഏജൻസിയുടെ പ്രതിച്ഛായ തകർക്കാൻ വേണ്ടിയാണ് ഇവ സൃഷ്ടിച്ചതെന്നും ആരോപിച്ച് സിബിഐ കേസ് രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ, വാർത്ത ചാനലുകളോ മാധ്യമ പ്രവർത്തകരോ ആവശ്യപ്പെട്ടിട്ടും രേഖകളുടെ ഉറവിടം വെളിപ്പെടുത്താത്തതിനാൽ അന്വേഷണം അവസാനിപ്പിക്കുകയാണെന്ന് വ്യക്തമാക്കിയാണ് സിബിഐ കോടതിയിൽ റിപ്പോർട്ട് ഫയൽ ചെയ്തത്.റിപ്പോർട്ട് തള്ളിയ കോടതി, അന്വേഷണത്തിന്റെ ഭാഗമായി സോഴ്സ് വെളിപ്പെടുത്താൻ മാധ്യമ പ്രവർത്തകരോട് ആവശ്യപെടാമെന്ന് വ്യക്തമാക്കി. ക്രിമിനൽ നടപടി ചട്ട പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരവും ഏതൊരു വ്യക്തിയോടും ക്രിമിനൽ കേസ് അന്വേഷണവുമായി സഹകരിക്കാൻ അന്വേഷണ ഏജൻസികൾക്ക് ആവശ്യപ്പെടാവുന്നതേയുള്ളൂ. രാജ്യത്തെ നിയമങ്ങളിൽ മാധ്യമ പ്രവർത്തകർക്ക് ഇതിൽ ഇളവനുവദിച്ചിട്ടില്ലെന്നും ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

# മുഹമ്മദ് സാദിഖ് പോപ്പുലർ ഫ്രണ്ടിന്റെ റിപ്പോർട്ടർ ആണെന്ന് എൻ.ഐ.എ




**കൊല്ലം :** കൊല്ലത്ത് പിടിയിലായ മുഹമ്മദ് സാദിഖ് പോപ്പുലർ ഫ്രണ്ടിന്റെ റിപ്പോർട്ടർ ആണെന്ന് എൻ.ഐ.എ അറിയിച്ചു. ആക്രമിക്കേണ്ട ഇതര സമുദായക്കാരുടെ പേരും മറ്റുവിവരങ്ങളും ശേഖരിക്കുന്നത് സാദിഖ് ആണ്. ഇതനുസരിച്ചാണ് ഹിറ്റ് സ്ക്വാഡ് ആക്രമണം നടത്തുന്നതെന്നും എൻ.ഐ.എ വ്യക്തമാക്കി.

സാദിഖിന്റെ കൊല്ലത്തെ വീട്ടിൽ നിന്നാണ് നിർണായക രേഖകളും ഡിജിറ്റൽ തെളിവുകളും കണ്ടെടുത്തത്. വിവിധ യാത്രകളുമായ ിബന്ധപ്പെട്ട രേഖകളും ഇവിടെ നിന്ന് പിടികൂടിയിരുന്നു. ഇന്നലെ പുലർച്ചെ മുന്നുമണിയോടെയാണ് മുഹമ്മദ് സാദിഖിന്റെ ചവറയിലെ വീട്ടിൽ റെയ്ഡ് നടന്നത് . പിന്നാലെ ഇയാളെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. ഇയാളുടെ അറസ്റ്റ രേഖപ്പെടുത്തി






സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



# വാഴ്സിറ്റികളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട തീരുമാനമല്ലിത്

ആർത്തവം രോഗമല്ല. പക്ഷേ ചില വനിതകളെ സംബന്ധിച്ച് ആ ദിനങ്ങൾ രോഗതുല്യമായ അവസ്ഥയാണ്. ശാരീരികമായും മാനസികമായും അവർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ദിനങ്ങൾ. ആർത്തവദിനങ്ങളിൽ പഠനത്തിനും ജോലിക്കും മറ്റും പോകാൻ കഴിയാത്തവരുടെ എണ്ണവും ഏറെയാണ്. പക്ഷേ ഇതൊരു കാരണമായി പറഞ്ഞാൽ ലീവ് അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല. മാറിയ കാലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾക്ക് സർക്കാരുകൾ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇതിന്റെ ഭാഗമായാണ് ശമ്പളത്തോടുകൂടി ആറുമാസത്തെ പ്രസവാവധി നൽകിയത്.

രോഗത്തിന് മാത്രമേ അവധി നൽകൂ എന്നത് പഴയ കാഴ്ചപ്പാടാണ്. ഇതിൽനിന്ന് ആദ്യം മാറി ചിന്തിച്ചത് സ്വകാര്യ കമ്പനികളാണ്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന സ്വിഗ്ഗി, സൊമാറ്റോ തുടങ്ങിയ ഒൻപതോളം ബഹുരാഷ്ട്ര കമ്പനികൾ ആർത്തവ അവധി നൽകുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഇത് ഇനിയും നടപ്പായിട്ടില്ല. മെൻസ്ട്രുവേഷൻ ബെനഫിറ്റ് ബിൽ പാർലമെന്റിൽ ചർച്ചയ്ക്ക് വന്ന അവസരത്തിൽ പോലും ആർത്തവാവധിയുടെ കാര്യം ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. ആർത്തവ സംബന്ധമായ പ്രശ്നങ്ങൾക്ക് ചികിത്സ തേടുന്നവരുടെ എണ്ണം കൂടുന്നതായാണ് ആരോഗ്യവിദഗ്ദ്ധർ പറയുന്നത്.

ഈ സമയത്ത് വിശ്രമം ആവശ്യമാണെന്നാണ് ഡോക്ടർമാരുടെ നിർദ്ദേശം. എന്നാൽ ഇതിന്റെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാതിരുന്നാൽ ഹാജർ നഷ്ടപ്പെടും. ഇത് കുട്ടികളെ മാനസിക സമ്മർദ്ദത്തിലാക്കുന്ന പ്രശ്നമായി തുടരുന്നതിനിടെയാണ് കൊച്ചിയിലെ കുസാറ്റ് യൂണിവേഴ്സിറ്റി രാജ്യത്താദ്യമായി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി നൽകാൻ തീരുമാനിച്ചത്. എം.ജി യൂണിവേഴ്സിറ്റി വിദ്യാർത്ഥിനികൾക്ക് പ്രസവാവധി അനുവദിച്ചതിന് പിന്നാലെയാണ് കുസാറ്റിൽനിന്ന് രാജ്യം മുഴുവൻ മാതൃകയാവുന്ന ആർത്തവാവധി തീരുമാനം ഉണ്ടായത്. കുസാറ്റിൽ നിലവിലുള്ള നിയമപ്രകാരം പരീക്ഷ എഴുതാൻ 75 ശതമാനം ഹാജർ ആവശ്യമാണ്. ആർത്തവാവധി അനുവദിച്ചതോടെ വിദ്യാർത്ഥിനികൾക്ക് ഇതിൽ രണ്ട് ശതമാനം കുറവ് ലഭിക്കും. ഈ ആവശ്യം വിവിധ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ നേരത്തെ തന്നെ രേഖാമൂലവും വാക്കാലും ആവശ്യപ്പെട്ടിരുന്നതാണ്. നേരത്തേ ആർത്തവകാലത്ത് അവധിയെടുക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമായിരുന്നു. ഇനിമുതൽ കുസാറ്റിൽ അത് വേണ്ടിവരില്ല.

കുസാറ്റിൽ നടപ്പാക്കിയ ആർത്തവാവധി എല്ലാ സർവകലാശാലകളിലും നടപ്പാക്കുന്നത് പരിഗണിക്കുമെന്ന് ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ആർ. ബിന്ദു പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. എസ്.എഫ്.ഐ നേതൃത്വത്തിലുള്ള യൂണിയന്റെ ആവശ്യപ്രകാരമാണ് കുസാറ്റിൽ അവധി അനുവദിച്ചതെന്നാണ് മന്ത്രി വ്യക്തമാക്കിയത്. എന്നാൽ കെ. എസ്.യുവിന്റെ കുസാറ്റ് യൂണിയൻ തിരഞ്ഞെടുപ്പിനുള്ള പ്രകടനപത്രികയിൽ ഇതേ ആവശ്യം ഉൾപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ സംഘടനകൾ തമ്മിൽ ഒരു തർക്കത്തിന്റെ ആവശ്യമില്ല. നല്ല കാര്യം നടപ്പായതിൽ ഇരുസംഘടനകളും സന്തോഷിക്കുകയാണ് വേണ്ടത്. കേരളത്തിൽ എല്ലാ വാഴ്സിറ്റികളിലും ഇത് നടപ്പായാൽ മറ്റ് സംസ്ഥാനങ്ങളും ഈ നല്ല മാതൃക സ്വീകരിക്കാതിരിക്കില്ല. വാഴ്സിറ്റികളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട തീരുമാനമല്ലിത്. ഇത്തരം അവധി നൽകുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചർച്ചകൾക്ക് തുടക്കമിടേണ്ടതാണ്.

# കള്ളപ്പണക്കാർ ഇപ്പോഴും ഓട്ടത്തിൽ ! കണ്ണൂരിൽ ലക്ഷങ്ങളുടെ നിരോധിത നോട്ടുകൾ പിടിച്ചെടുത്തു

പാലക്കുന്ന്: പാലക്കുന്ന് ഭാഗത്തെ ഒരു വീട് കേന്ദ്രീകരിച്ച് ആനക്കൊമ്പ് വിൽപ്പന നടത്താൻ ശ്രമിക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് കണ്ണൂർ ഫ്ലയിംഗ് സ്ക്വാഡ് വിഭാഗവും കണ്ണൂർ സ്പെഷ്യൽ പ്രൊട്ടക്ഷൻ ആൻഡ് ഇൻവെസ്റ്റിഗേഷൻ വിഭാഗവും സംയുക്തമായി നടത്തിയ റോഡ് പരിശോധനക്കിടെ മാരുതിക്കാറിൽ കടത്തുകയായിരുന്ന ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നിരോധിത നോട്ടുകൾ പിടികൂടി.

പാലക്കുന്ന് സ്വദേശിയായ നാരായണനെയാണ് ആയിരത്തിന്റെ എൺപത്തിയെട്ടും അഞ്ഞൂറിന്റെ എൺപത്തിരണ്ടും നിരോധിത നോട്ടുകളുമായി മാരുതി ആൾട്ടോ കാർ സഹിതം പിടികൂടിയത്.

കാസർകോട് ജില്ലയിലെ പല ഭാഗങ്ങളിൽ നിന്നും നിരോധിത നോട്ടുകൾ ശ്രീലങ്കയിലേക്കും നേപ്പാളിലേക്കും കടത്തുന്നുണ്ടെന്ന് നേരത്തെ വിവരം ലഭിച്ചിരുന്നു. പിടികൂടിയ നിരോധിത നോട്ടുകളും പ്രതിയും വാഹനവും തുടർ അന്വേഷണത്തിനായി മേൽപറമ്പ് പൊലീസിന് കൈമാറി.

കണ്ണൂർ എസ്.ഐ. പി. വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കസർവേറ്റർ വി. രാജൻ, കണ്ണൂർ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ രാജീവൻ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ വി. രതീശൻ, ശ്രീജിത്ത് എ.പി., കെ. ഷാജീവ്, ബിജുമോൻ കെ. ഇ., ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ കെ. ചന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മാരായ സുരേന്ദ്രൻ, സുനിൽകുമാർ, ടി പ്രമോദ്കുമാർ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മരായ ഹരിദാസ് ഡി, ലിയാണ്ടർ എഡ്വേർഡ്, ശിവശങ്കർ, ഹരി, ശ്രീധരൻ, സിനി, അരുൺ, രാജു, ശിഹാബുദ്ദീൻ, ധനഞ്ജയൻ, സീനിയർ ഫോറസ്റ്റ് ഡ്രൈവർ ടി .പ്രജീഷ്, ഡ്രൈവർമാർമാരായ ഗിരീഷ്കുമാർ, സജിൽ ബാബു എന്നിവരാണ് നോട്ടു പിടികൂടിയ സംഘത്തിലുണ്ടായിരുന്നത്.



# സേതുവിന് എഴുത്തച്ഛൻ പുരസ്കാര സമർപ്പണം 21–ന്

കൊച്ചി: കേരള സർക്കാരിന്റെ 2022–ലെ എഴുത്തച്ഛൻ പുരസ്കാരം എഴുത്തുകാരനായ സേതുവിന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും.

21–ന് ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.30–ന് ടൗൺഹാളിലാണ് പുരസ്കാര സമർപ്പണം. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും.

സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, മന്ത്രി പി. രാജീവ്, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ, ഹൈബി ഈഡൻ എം.പി., സാഹിത്യ അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ തുടങ്ങിയവർ പങ്കെടുക്കും.



# കടം കയറി മുടിയുന്ന പാകിസ്ഥാനിൽ നിന്നും പെൺകുട്ടികളെ കടത്തി ചൈന, ഞെട്ടിപ്പിക്കുന്ന റിപ്പോർട്ട് പുറത്ത്

ഇസ്ലാമാബാദ് : സാമ്പത്തിക തകർച്ചയിൽ നട്ടം തിരിയുന്ന പാകിസ്ഥാനിൽ നിന്നും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കായി പെൺകുട്ടികളെ ചൈനയിലേക്ക് കടത്തുന്നതായി റിപ്പോർട്ട്.

പാകിസ്ഥാൻ സാമ്പത്തിക ഇടനാഴി (സിപിഇസി) പദ്ധതിയുടെ മറവിലാണ് കടത്ത്. പാകിസ്ഥാനിൽ നിരവധി പദ്ധതികൾ ചൈന നടത്തുന്നുണ്ട്. വിവിധ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി ആയിരക്കണക്കിന് ചൈനീസ് ഉദ്യോഗസ്ഥരാണ് പാകിസ്ഥാനിൽ തങ്ങുന്നത്. ഇവർ പാകിസ്ഥാനിൽ നിന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെയടക്കം വിവാഹത്തിന്റെ മറവിൽ ചൈനയിലേക്ക് കൊണ്ടുപോകുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

വിവാഹത്തിന്റെ പേരിലാണ് ചൈന പാകിസ്ഥാനിൽ നിന്നും മനുഷ്യക്കടത്ത് നടത്തുന്നത്. ചൈനീസ് പൗരൻമാരുടെ ഈ പ്രവൃത്തിക്കെതിരെ ചെറുവിരൽ പോലും പാക് ഭരണാധികാരികൾ ഉയർത്തുന്നില്ല. വിവാഹത്തിന് പുറമേ വ്യാജ ബിസിനസ് രേഖകൾ ചമച്ചാണ് ചൈനക്കാർ പെൺകുട്ടികളെ നാട്ടിലേക്ക് കൊണ്ടുപോകുന്നത്. പെൺകുട്ടികളെ കൊണ്ടുപോകുന്നതിന് പകരമായി 5000 ഡോളർ വരെയാണ് പ്രതിഫലമായി നൽകുന്നത്.

# നാല് പേരുടെ കൈകൾ പരസ്യമായി വെട്ടിമാറ്റി, ഫുട്ബോൾ സ്റ്റേഡിയത്തിൽ ജനക്കൂട്ടത്തെ വിളിച്ചുകയറ്റി താലിബാന്റെ ക്രൂരകൃത്യങ്ങൾ

കാബൂൾ : പ്രാകൃതമായ ശിക്ഷാരീതികളുമായി വീണ്ടും അഫ്ഗാനിലെ താലിബാൻ ഭരണകൂടം. മോഷണക്കുറ്റം ആരോപിച്ച് ജനക്കൂട്ടത്തെ സാക്ഷിയാക്കി നാലുപേരുടെ കരങ്ങൾ താലിബാൻ വെട്ടിമാറ്റി.


കാണ്ഡഹാറിലെ അഹമ്മദ് ഷാഹി സ്റ്റേഡിയത്തിൽ ചൊവ്വാഴ്ചയായിരുന്നു സംഭവം. ഇതിന് പുറമേ വിവിധ കുറ്റകൃത്യങ്ങൾക്ക് ഒമ്പത് പേരെ ചാട്ടവാറിനടിക്കുകയും ചെയ്തു. മുപ്പത്തിയഞ്ച് മുതൽ മുപ്പത്തിയൊമ്പത് തവണ വരെയാണ് ഓരോരുത്തർക്കും അടി നൽകിയത്.

സ്റ്റേഡിയത്തിൽ ശിക്ഷ നടപ്പിലാക്കുന്നതിന് സാക്ഷിയാവാൻ നൂറുകണക്കിനാളുകളെയാണ് താലിബാൻ കൊണ്ടുവന്നത്. ഇവരിൽ സർക്കാർ ഉദ്യോഗസ്ഥരും, മതപുരോഹിതന്മാരും, നാട്ടുകാരും ഉണ്ടായിരുന്നു.

താലിബാന്റെ ശിക്ഷാരീതികളുടെ ചിത്രങ്ങൾ സാമൂഹിക മാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. സ്റ്റേഡിയത്തിലെ പുൽമൈതാനത്ത് ശിക്ഷയും കാത്ത് ആളുകൾ ഇരിക്കുന്നതാണ് കാണാനാവുക. അഫ്ഗാൻ പത്രപ്രവർത്തകൻ താജുഡെൻ സൊറൂഷ് സംഭവത്തിന്റെ ഫോട്ടോ ട്വീറ്റ് ചെയ്തു. 1990കളിലെ പോലെ താലിബാൻ പരസ്യമായി ശിക്ഷിക്കാൻ തുടങ്ങിയെന്നും ചരിത്രം ആവർത്തിക്കുന്നുവെന്നും അഭിപ്രായപ്പെട്ടു.

കഴിഞ്ഞ ഡിസംബറിൽ താലിബാൻ പരസ്യമായി വധശിക്ഷ നടപ്പിലാക്കിയിരുന്നു. കൊലക്കുറ്റം ആരോപിച്ചായിരുന്നു ശിക്ഷ നടപ്പിലാക്കിയത്. താലിബാൻ അധികാരത്തിൽ തിരിച്ചെത്തിയതിന് ശേഷമുള്ള ആദ്യ പൊതു വധശിക്ഷയായിരുന്നു ഇത്. കൊല്ലപ്പെട്ടയാളുടെ പിതാവാണ് തോക്ക് ഉപയോഗിച്ച് കൊലക്കേസ് പ്രതിയെ വെടിവച്ച് ശിക്ഷ നടപ്പിലാക്കിയത്. നൂറുകണക്കിനാളുകളും ഉന്നത താലിബാൻ ഉദ്യോഗസ്ഥരും സംഭവത്തിന് ദൃക്സാക്ഷിയായി എത്തിയിരുന്നുവെന്ന് ദി സൺ റിപ്പോർട്ട് ചെയ്തിരുന്നു.







# യുക്രൈനിൽ ഹെലികോപ്റ്റർ തകർന്നു; മന്ത്രിയുൾപ്പടെ 16 പേർ കൊല്ലപ്പെട്ടു

കീവ്: യുക്രൈനിൽ ഹെലികോപ്റ്റർ അപകടത്തിൽ മന്ത്രി ഉൾപ്പടെ 16 പേർ കൊല്ലപ്പെട്ടു. മരിച്ചവരിൽ രണ്ടു പേർ കുട്ടികളാണ്. യുക്രൈൻ തലസ്ഥാനമായ കീവിൽ നിന്നും ഇരുപതു കിലോമീറ്റർ മാറി ബ്രോവറിയിലാണ് അപകടം. ഒരു കിന്റർഗാർഡൻനു സമീപത്തേക്ക് ഹെലികോപ്റ്റർ തകർന്നു വീഴുകയായിരുന്നു. അപകടത്തിൽ കെട്ടിടം പൂർണമായും കത്തി നശിച്ചു.

യുക്രൈൻ മന്ത്രിസഭാംഗങ്ങൾ യാത്ര ചെയ്ത ഹെലികോപ്റ്ററാണ് തകർന്നു വീണത്. യുക്രൈൻ ആഭ്യന്തര മന്ത്രിയായ ഡെനിസ് മൊണാസ്റ്റിർസ്കിയും സഹമന്ത്രി യെവ്ജെനി യെനിനും അപകടത്തിൽ കൊല്ലപ്പെട്ടു.

42–കാരനായ മൊണാസ്റ്റിർസ്കി 2021–ലാണ് മന്ത്രിസ്ഥാനം ഏറ്റെടുത്തത്. അപകടത്തിൽ പരിക്കേറ്റ ഇരുപത്തിരണ്ടു പേരെ സമീപത്തെ ആശുപത്രിയിലാക്കി.

അപകട സമയം കിന്റർഗാർഡനിൽ കുട്ടികളും ജീവനക്കാരുമുണ്ടായിരുന്നതാണ് മരണസംഖ്യ ഉയരാൻ കാരണമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ഹെലികോപ്റ്റർ തകരാനുണ്ടായ കാരണം വ്യക്തമല്ല. ബ്രോവറിയിൽ നിന്ന് കഴിഞ്ഞ ഏപ്രിലിലാണ് റഷ്യൻ സൈന്യം പിൻവാങ്ങിയത്.

# പിരിച്ചുവിടലിനൊരുങ്ങി ടെക്ഭീമൻ മൈക്രോസോഫ്റ്റും; ആയിരക്കണക്കിനുപേർക്ക് ജോലി നഷ്ടപ്പെട്ടേക്കും

വാഷിങ്ടൺ: അന്താരാഷ്ട്ര ടെക്ഭീമൻ മൈക്രോസോഫ്റ്റ് കൂട്ടപ്പിരിച്ചുവിടലിലേക്ക് കടക്കുന്നുവെന്ന് റിപ്പോർട്ട്. ഇന്ന് (ബുധനാഴ്ച) മുതലാണ് പിരിച്ചുവിടൽ ആരംഭിക്കുകയെന്ന് വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. ആയിരക്കണക്കിന് മൈക്രോസോഫ്റ്റ് ജീവനക്കാർക്ക് തൊഴിൽ നഷ്ടമാകുമെന്നാണ് സൂചന.

ആകെ ജീവനക്കാരിൽ ഏകദേശം അഞ്ചുശതമാനം അഥവാ 11,000 പേരെ പിരിച്ചുവിട്ടേക്കും. ഹ്യൂമൻ റിസോഴ്സ്, എൻജിനീയറിങ് വിഭാഗങ്ങളിൽനിന്നുള്ള ജീവനക്കാരെയാകും പിരിച്ചുവിടൽ ബാധിക്കുക. മോശം സാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കുന്നതിന്റെ ഭാഗമായാണ് കമ്പനിയുടെ നടപടി.

ജൂൺ മുപ്പതുവരെയുള്ള കണക്കുകൾ പ്രകാരം 2,21,000 മുഴുവൻ സമയ ജീവനക്കാരാണ് മൈക്രോ സോഫ്റ്റിനുള്ളത്. ഇതിൽ 1,22,000 പേർ യു.എസിലാണുള്ളത്, 99,000 പേർ മറ്റു രാജ്യങ്ങളിലും.

നേരത്തെ, ആമസോണും മെറ്റയും ഉൾപ്പെടെ നിരവധി ടെക് കമ്പനികൾ ജീവനക്കാരെ പിരിച്ചിവിട്ടിരുന്നു. ഈ പട്ടികയിലേക്കാണ് മൈക്രോസോഫ്റ്റും കടക്കുന്നത്. മൈക്രോ സോഫ്റ്റിന്റെ ക്ലൗഡ് കമ്പ്യൂട്ടിങ് പ്ലാറ്റ് ഫോമിന് പല ക്വാർട്ടറിലും വിപണിയിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിക്കാതെ പോയത് കമ്പനിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ജൂലൈയിൽ കമ്പനി കുറച്ചു ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. വിവിധ വിഭാഗങ്ങളിൽനിന്നായി ആയിരത്തിൽ താഴെ ജീവനക്കാരെയാണ് പിരിച്ചുവിട്ടതെന്നാണ് സൂചന

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്



വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647




# ഗുസ്തി താരങ്ങളെ പീഡനത്തിനിരയാക്കി; BJP എം.പിയായ ഫെഡറേഷൻ പ്രസിഡന്റി നെതിരെ അടക്കം ഗുരുതര ആരോപണം

**ന്യൂഡൽഹി:** ദേശീയ റെസ്‌ലിങ് ഫെഡറേഷനെതിരേ (ഡബ്ല്യു.എഫ്.ഐ) ലൈംഗികചൂഷണം അടക്കമുള്ള ഗുരുതര ആരോപണങ്ങൾ ഉയർത്തി വനിതാ ഗുസ്തി താരങ്ങൾ. ഫെഡറേഷൻ പ്രസിഡന്റും ബി.ജെ.പി എം.പിയുമായ ബ്രിജ്ഭൂഷൺ ശരൺ സിങ്ങും ചില പരിശീലകരും വനിതാ താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ചുവെന്ന് ആരോപിച്ച് മുപ്പതോളം ഗുസ്തി താരങ്ങൾ ഡൽഹിയിലെ ജന്തർ മന്ദറിൽ പ്രതിഷേധിച്ചു. സാക്ഷി മാലിക്, സരിത മോർ, സംഗീത ഫോഗട്ട്, ജിതേന്ദർ കിൻഹ, സുമിത് മാലിക്ക് തുടങ്ങി മുപ്പതോളം കായിക താരങ്ങൾ പ്രതിഷേധത്തിൽ അണിചേർന്നു.ലഖ്നൗവിലെ നാഷണൽ ക്യാമ്പിൽ നിരവധി പരിശീലകർ വർഷങ്ങളായി വനിതാ താരങ്ങളെ ചൂഷണം ചെയ്തിട്ടുണ്ടെന്നും ബ്രിജ്ഭൂഷൺ ശരൺ സിങ്ങിന്റെ നിർദേശപ്രകാരം താരങ്ങളെ സമീപിക്കുന്ന കുറച്ച് സ്ത്രീകൾ ക്യാമ്പിലുണ്ടെന്നും വിനേഷ് ഫോഗട്ട് ആരോപിച്ചു. കോമൺ വെൽത്തിലും ഏഷ്യൻ ഗെയിംസിലും ഇന്ത്യയ്ക്കായി സ്വർണ മെഡൽ നേടിയ താരമാണ് വിനേഷ് ഫോഗട്ട്. ബ്രിജ്ഭൂഷൺ ലൈംഗികമായി ചൂഷണം ചെയ്തതായി 10-12 താരങ്ങൾ തന്നോട് പറഞ്ഞിട്ടുണ്ട്. ഇത്തരം ചൂഷണങ്ങൾ തനിക്ക് നേരിടേണ്ടിവന്നിട്ടില്ലെങ്കിലും ഫെഡറേഷനിൽ നിന്ന് വധ ഭീഷണിയുണ്ട്. കായിക താരങ്ങളുടെ സ്വകാര്യ ജീവിതത്തിൽവരെ ഫെഡറേഷൻ ഇടപെട്ടുവെന്നും പ്രതിഷേധത്തിന് പിന്നാലെ നടത്തിയ വാർത്താ സമ്മേളനത്തിൽ വിനേഷ് ഫോഗട്ട് വെളിപ്പെടുത്തി.ഫെഡറേഷൻ പ്രസിഡന്റിനെ സ്ഥാനത്തുനിന്ന് മാറ്റുന്നവരെ ഇനി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കില്ലെന്ന് ഒളിമ്പിക് വെങ്കല മെഡൽ ജേതാവ് കൂടിയായ ബജ്രംഗ് പൂനിയയും മാധ്യമങ്ങളോട് പറഞ്ഞു.

# താജ് മഹോത്സവം; പ്രണയസൗധത്തിന്റെ പശ്ചാത്തലത്തിലെ കലകളുടെ ഉത്സവം

**ന്യൂഡൽഹി:**എല്ലാ സഞ്ചാരികളുടെയും സ്വപ്നങ്ങളിലൊന്നാണ് താജ്മഹൽ കാണുക എന്നത്. കണ്ടവർക്കാകട്ടെ എത്ര കണ്ടാലും മതിവരാത്ത അനുഭൂതിയാണത്. ലോകത്തിന്റെ എല്ല ഭാഗത്തുനിന്നുമുള്ള സഞ്ചാരികൾ എല്ലാ സീസണുകളിലും വരുന്ന അപൂർവ ഇടങ്ങളിലൊന്നാണ് താജ്മഹൽ. ലോകത്തിലെ തന്നെ ഏറ്റവും പ്രശസ്തമായ നിർമിതി എന്നറിയപ്പെടുന്ന താജ്മഹലിൽ എല്ലാ വർഷവും പത്ത് ദിവസത്തെ ഉത്സവം നടക്കാറുണ്ട്. താജ്മഹലും പരിസര പ്രദേശങ്ങളും ഏറ്റവും മനോഹരമായി അണിഞ്ഞൊരുങ്ങുന്ന ഈ ഉത്സവകാലത്തെ താജ്മഹൽ സന്ദർശനം താജ് പ്രേമികൾക്ക് മറക്കാനാകാത്ത ഒരനുഭവമായിരിക്കും.എല്ലാ വർഷവും താജ്മഹലിനെ കേന്ദ്രീകരിച്ച് ഫെബ്രുവരി 18 മുതൽ 27 വരെ നടക്കുന്ന താജ് മഹോത്സവം ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ അനുഭവിച്ച് അറിയാൻ സാധിക്കുന്ന ആഘോഷമാണ്. മൂടൽ മഞ്ഞിൽ നിൽക്കുന്ന ഈ പ്രണയ സൗധത്തിന്റെ കാഴ്ചകൾ തങ്ങളുടെ പ്രിയപ്പെട്ടവരോടൊപ്പം കാണാനായി നിരവധി പേർ ഈ സമയത്ത് എത്താറുണ്ട്. താജ് മഹലിന് സമീപത്തെ ശിൽപഗ്രാമിലാണ് ഈ ആഘോഷങ്ങൾ നടക്കുന്നത്. ഇന്ത്യൻ സംസ്കാരം, മുഗൾ ശൈലി, നവാബി ശൈലി എന്നിവ പ്രകടമാകുന്ന കലാപ്രകടനങ്ങളും കരകൗശല പ്രദർശനവും മഹോത്സവത്തിലുണ്ടാകും. ആനകളുടെയും ഒട്ടകങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടത്തുന്ന എഴുന്നെള്ളത്താണ് ഈ മഹോത്സവത്തിന്റെ പ്രധാന ആകർഷണത. മൈസൂർ ദസറയെ അനുസ്മരിപ്പിക്കുന്നതാണ് പല ചടങ്ങുകളും. 1992 ലാണ് താജ് മഹോത്സവം ആരംഭിക്കുന്നത്. കരകൗശല വിദഗ്ധരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ വിവിധ കഴിവുകൾ പ്രദർശിപ്പിക്കുന്നതും ലക്ഷ്യമിട്ടായിരുന്നു മഹോത്സവം സംഘടിപ്പിച്ചിരുന്നത്. കണ്ണഞ്ചിപ്പിക്കുന്ന കലാസൃഷ്ടികൾ, രുചികരമായ പാചകരീതികൾ, നൃത്തം, സംഗീതം തുടങ്ങി ഏത് സഞ്ചാരികളെയും മോഹിപ്പിക്കുന്ന പരിപാടികളാണ് ഇവിടെ അരങ്ങേറുക. പുരാവസ്തുക്കളെ സ്നേഹിക്കുന്നവർക്ക് അപൂർവമായ പുരാവസ്തുക്കൾ വാങ്ങാനും ഇവിടെ അവസരമുണ്ട്. ആഭരണങ്ങൾ, പരമ്പരാഗത ശൈലിയിലുള്ള വസ്ത്രങ്ങൾ, കലാസൃഷ്ടികൾ, കരകൗശവസ്തുക്കൾ, പുരാവസ്തുക്കൾ തുടങ്ങി ഷോപ്പിങ്ങിന്റെ ഒരു മഹാലോകം കൂടിയാണ് ഇവിടെ ഒരുങ്ങുന്നത്.





# വിമാനത്തിന്റെ എമർജൻസി വാതിൽ തുറന്നത് യുവ എം പി തേജസ്വി സൂരത്യ; സംഭവത്തിൽ ക്ഷമ ചോദിച്ചതായി വ്യോമയാന മന്ത്രി

ചെന്നൈ: തിരുച്ചിറപ്പള്ളിയിലേക്ക് പോകാനായി പറന്നുയർന്ന ഇൻഡിഗോ വിമാനത്തിന്റെ എമർജൻസി വാതിൽ തുറന്നത് യുവമോർച്ചാ നേതാവും ബാംഗ്ളൂർ സൗത്ത് മണ്ഡലത്തിൽ നിന്നുളള ലോക്സഭാംഗവുമായ തേജസ്വി സൂര്യയെന്ന് തെളിഞ്ഞു. വിവരം കേന്ദ്ര വ്യോമയാനമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ സ്ഥിരീകരിച്ചു. അബദ്ധത്തിൽ സംഭവിച്ചതാണെന്നും സംഭവത്തിൽ തേജസ്വി സൂര്യ ക്ഷമാപണം നടത്തിയതായും അദ്ദേഹം അറിയിച്ചു. കഴിഞ്ഞ ദിവസമാണ് ചെന്നൈയിൽ നിന്നും തിരുച്ചിറപ്പള്ളിയിലേക്ക് പറന്നുയർന്ന വിമാനത്തിലെ എമർജൻസി വാതിൽ തുറക്കാൻ ശ്രമിച്ച വിവാദം വാർത്തയായത്.ഏകദേശം ഒരുമാസം മുൻപായിരുന്നു സംഭവം. ഡിസംബർ 10ന് നടന്ന സംഭവത്തിൽ ഇൻഡിഗോ പത്രക്കുറിപ്പിറക്കിയത് കഴിഞ്ഞ ദിവസമാണ്. തേജസ്വി സൂര്യയാണ് ഇങ്ങനെ ചെയ്തതെന്ന് വിമാനത്തിലെ മറ്റ് യാത്രക്കാർ സംഭവസമയത്ത് തന്നെ പറഞ്ഞിരുന്നു. 'സംഭവം നടന്നയുടൻ തേജസ്വി സൂര്യ തന്നെയാണ് ഇക്കാര്യം പൈലറ്റിനെയും ക്രൂവിനെയും അറിയിച്ചത്. വിമാനം റൺവെയിലായിരുന്നപ്പോൾ അദ്ദേഹം അബദ്ധത്തിൽ വാതിൽ തുറന്നു. സംഭവത്തിൽ അദ്ദേഹം ക്ഷമ പറഞ്ഞിട്ടുണ്ട്.' മന്ത്രി പറഞ്ഞു. സംഭവം ഇത്രനാൾ മറച്ചുവച്ചതിന് കോൺഗ്രസ് സർക്കാരിനെ വിമർശിച്ചു. എംപിയുടെ പ്രവർത്തിയെ തുടർന്ന് വിമാനം രണ്ട് മണിക്കൂറിലധികം വൈകിയാണ് യാത്ര പുറപ്പെട്ടത്.



# യൂത്ത് ലീഗ് മാർച്ച്അക്രമാസക്തമായി: പൊലീസിന് നേരെ ചെരുപ്പേറ്, ഗ്രനേഡ് പ്രയോഗിച്ചു

**തിരുവനന്തപുരം:** സെക്രട്ടറിയേറ്റിന് മുന്നിൽ യൂത്ത് ലീഗ് നടത്തിയ മാർച്ച് അക്രമാസക്തമായി. യൂത്ത് ലീഗ് പ്രവർത്തകർ പൊലീസിന് നേരെ കുപ്പികളും ചെരിപ്പുകളും കസേരകളും വലിച്ചെറിഞ്ഞു. പിന്നാലെ കല്ലേറും നടത്തി.പ്രവർത്തകർ അക്രമാസക്തരായതോടെ പൊലീസ് ഗ്രനേഡ് പ്രയോഗിച്ചു. സംസ്ഥാന സർക്കാരിനെതിരെ സേവ് കേരള മാർച്ച് എന്ന മുദ്രാവാക്യമുയർത്തിയാണ് മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി ഇന്ന് സെക്രട്ടേറിയറ്റിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയത്. അഴിമതി, തൊഴിലില്ലായ്മ, സാമ്പത്തിക പ്രതിസന്ധി, വിലക്കയറ്റം, ലഹരി മാഫിയ, തുടങ്ങിയ പ്രശ്നങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. പ്രതിപക്ഷ ഉപനേതാവ് പികെ കുഞ്ഞാലിക്കുട്ടിയാണ് മാർച്ച് ഉദ്ഘാടനം ചെയ്തത്. സംസ്ഥാന അദ്ധ്യക്ഷൻ പികെ ഫിറോസിന്റെയും കുഞ്ഞാലിക്കുട്ടിയുടെയും പ്രസംഗം തീർന്നതിന് പിന്നാലെയാണ് പ്രവർത്തകർ അക്രമാസക്തരായത്. പൊലീസ് ആദ്യം ലാത്തി വീശുകയും പിന്നാലെ കണ്ണീർ വാതക ഷെല്ലുകളും പ്രയോഗിക്കുകയും ചെയ്തു. എന്നാൽ പ്രവർത്തകർ സംഘർഷത്തിൽ നിന്ന് പിന്മാറിയില്ല. ഇതോടെയാണ് ഗ്രനേഡ് പ്രയോഗിച്ചത്. രാവിലെ 10ന് മ്യൂസിയം ജംഗ്ഷനിൽ നിന്ന് തുടങ്ങി സെക്രട്ടേറിയറ്റിന് മുന്നിൽ റാലി അവസാനിച്ചു




# പ്രവീൺ റാണയെ നായകനാക്കി ചിത്രം സംവിധാനം ചെയ്ത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി; സസ്പെൻഡ് ചെയ്തത് ഇക്കാരണത്താൽ

**തൃശൂർ:** സേഫ് ആൻഡ് സ്ട്രോംഗ് സാമ്പത്തിക തട്ടിപ്പ് കേസിൽ അറസ്റ്റിലായ പ്രവീൺ റാണയെ നായകനാക്കി ചലച്ചിത്രം സംവിധാനം ചെയ്ത എ.എസ്.ഐയ്ക്ക് സസ്പെൻഷൻ.

ചോരൻ എന്ന ചിത്രം സംവിധാനം ചെയ്ത സാന്റോ അന്തിക്കാടിനെയാണ് തൃശൂർ റേഞ്ച് ഡി.ഐ.ജിയുടെ ഉത്തരവിൽ സസ്പെൻഡ് ചെയ്തതായി അറിയിച്ചത്.പൊലീസ് ഡിപ്പാർട്ട്മെന്റിൽ അറിയിക്കാതെ സിനിമ സംവിധാനം ചെയ്തതിനും സിനിമയുമായി ബന്ധപ്പെട്ട പ്രമോഷൻ പരിപാടികളിൽ പങ്കെടുത്തതിനുമാണ് നടപടി. ക്രിമിനൽ പശ്ചാത്തലമുള്ള പ്രവീൺ റാണയെ നായകനാക്കിയുള്ള സിനിമയുടെ ഡിസംബർ 14ന് സംഘടിപ്പിച്ച പ്രസ് മീറ്റിലാണ് സാന്റോ പങ്കെടുത്തത്.

തലപ്പാട് സ്റ്റേഷനിൽ ജോലി നോക്കുന്ന സാന്റോ അന്തിക്കാട് നേരത്തെ തൃശൂർ റൂറൽ പൊലീസ് ആസ്ഥാനത്ത് പിആർഒയായിരുന്നു. സ്പെഷ്യൽ ബ്രാഞ്ച് പ്രവീൺ റാണയുടെ നിക്ഷേപ പദ്ധതിയിലെ തട്ടിപ്പ് ചൂണ്ടിക്കാട്ടി തൃശൂർ സിറ്റി പൊലീസിന് റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ ഇതിന് ശേഷവും സാന്റോ, പ്രവീൺ റാണയെ നായകനാക്കി ചിത്രം സംവിധാനം ചെയ്യുകയായിരുന്നു. ഇതിനെത്തുടർന്നാണ് ഇയാൾക്കെതിരെ ആദ്യം അച്ചടക്ക നടപടി വന്നത്.






# തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് പിന്നാലെ ത്രിപുരയിൽ വൻ സംഘർഷം, തെരുവിൽ ഏറ്റുമുട്ടൽ; എഐസിസി അംഗം ആശുപത്രിയിൽ

**അഗർത്തല:** തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് പിന്നാലെ ത്രിപുര സംഘർഷഭരിതം. കോൺഗ്രസ് - ബി ജെ പി പ്രവർത്തകർ തെരുവിൽ ഏറ്റുമുട്ടിയതോടെ വൻ തോതിലുള്ള സംഘർഷത്തിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. നിരവധി വാഹനങ്ങൾ കത്തിച്ച പ്രവർത്തകർ വലിയ തോതിൽ അക്രമാസക്തരുമായി. കോൺഗ്രസ് - ബി ജെ പി സംഘർഷത്തിൽ എ ഐ സി സി അംഗവും ത്രിപുരയുടെ ചുമതലയുമുള്ള അജോയ് കുമാറിനടക്കം പരിക്കേറ്റു. അജോയ് കുമാറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇന്ന് ഉച്ചയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമസഭാ തെരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചതിന് പിന്നാലെ സംസ്ഥാനത്തിൻറെ വിവിധ ഇടങ്ങളിലായി തുടങ്ങിയ അസ്വാരസ്യങ്ങളാണ് വലിയ സംഘർഷത്തിലേക്ക് നീങ്ങിയത്. ഭാരത് ജോഡോ യാത്ര കശ്മീരിലേക്ക് കടക്കാനിരിക്കെ കോൺഗ്രസിന് തിരിച്ചടി; കത്വ കേസ് അഭിഭാഷക പാർട്ടി വിട്ടു അതേസമയം ത്രിപുരയിൽ ഫെബ്രുവരി 16 ന് തെരഞ്ഞെടുപ്പ് നടക്കുമെന്നാണ് ഇന്ന് ഉച്ചയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ച്. മേഘാലയ, നാഗാലാൻറ് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം മാർച്ച് 2 നാകും വോട്ടെണ്ണലെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പ് തിയ്യതി പ്രഖ്യാപിച്ചതോടെ മൂന്നിടത്തും മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നിട്ടുണ്ട്. ത്രിപുരയിൽ ബി ജെ പിക്കെതിരെ സി പി എം - കോൺഗ്രസ് ധാരണയായതോടെ മത്സരം ശക്തമാകും. വിശാല പ്രതിപക്ഷ ഐക്യത്തിലേക്ക് പ്രത്യുദ് ദേബ് ബർമൻറെ തിപ്ര മോത പാർട്ടിയെ കൂടി കൊണ്ടു വരാനാണ് സി പി എം - കോൺഗ്രസ് പാർട്ടികൾ ശ്രമിക്കുന്നത്. മോദി പ്രഭാവവും സംസ്ഥാന സർക്കാരിൻറെ വികസനവും വോട്ടാക്കി ഭരണ തുടർച്ച നേടാനായി ത്രിപുരയിൽ റാലികളുമായി ബി ജെ പി സജീവമാണ്. ബിപ്ലബ് ദേവിനെ മാറ്റി മണിക് സാഹയെ മുഖ്യമന്ത്രിയെ ആക്കിയതിലൂടെ ഭരണവിരുദ്ധ വികാരവും ആഭ്യന്തരപ്രശ്നവും പരിഹരിക്കാനായെന്നും ബി ജെ പി കരുതുന്നു. എന്നാൽ കോൺഗ്രസ് സഹകരണത്തോടെ ഭരണം തിരിച്ചുപിടിക്കാം എന്ന പ്രതീക്ഷയിലാണ് സി പി എം.







# ശബരിമല കാണിക്ക എണ്ണലിൽ ഹൈക്കോടതി ഇടപെടൽ; മുമ്പില്ലാത്ത വിധം നോട്ടും നാണയങ്ങളും എത്തിയെന്ന് കമ്മീഷണർ

**കൊച്ചി:** ശബരിമല കാണിക്ക എണ്ണലിൽ ഹൈക്കോടതി ഇടപെടൽ. കാണിക്ക എണ്ണലിൻറെ തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ സ്പെഷ്യൽ കമ്മീഷണർക്ക് കോടതി നിർദേശം നൽകി. മുൻപില്ലാത്ത വിധം നോട്ടും നാണയങ്ങളും ഇത്തവണ എത്തിയെന്ന് കമ്മീഷണർ കോടതിയെ അറിയിച്ചു. അന്നദാന മണ്ഡപത്തിലും പണം കൂനയായി കൂട്ടിയിട്ടിരിക്കുകയാണ്. കാണിക്ക എപ്പോൾ എണ്ണിത്തീരുമെന്ന് പറയാൻ കഴിയില്ലെന്നും ശബരിമല സ്പെഷ്യൽ കമ്മീഷണർ കോടതിയിൽ വ്യക്തമാക്കി. കാണിക്ക എണ്ണുന്നതിൽ അപാകതയുണ്ടോ എന്നറിയിക്കാൻ ദേവസ്വം വിജിലൻസിനും കോടതി നിർദേശം നൽകി. വിഷയം ഹൈക്കോടതി നാളെ വീണ്ടും പരിഗണിക്കും. ചരിത്രത്തിലെ തന്നെ ഏറ്റവും വരുമാനമാണ് ശബരിമലയിൽ ഇത്തവണത്തെ സീസണിൽ ലഭിച്ചത്. കഴിഞ്ഞ വ്യാഴാഴ്ച വരെ ആകെ 310.40 കോടി രൂപയാണ് കാണിക്കയായി മാത്രം കിട്ടിയത്. അപ്പം അരവണ വിൽപനയിലൂടെ 141 കോടി രൂപയും കിട്ടി. നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന കഴിഞ്ഞ രണ്ട് സീസണിലും വരുമാനം കുറവായിരുന്നു. ഇതിന് മുൻപത്തെ റെക്കോർഡ് വരുമാനം 212 കോടി രൂപ ആയിരുന്നു. കാണിക്കകളും നോട്ടുകളും എണ്ണാനായി 60 ജീവനക്കാരെ അധികമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.




# കൊല്ലത്ത് ഊമയും ബധിരയുമായ ഭാര്യയെ മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചു; പ്രതി പിടിയിൽ

കൊല്ലം: കൊല്ലത്ത് ഊമയും ബധിരയുമായ ഭാര്യയെ മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ. പൂതക്കുളം സ്വദേശി ജയചന്ദ്രനെയാണ് പരവൂർ പൊലീസ് അറസ്റ്റ് ചെയ്തത്. മദ്യപാനിയായ ജയചന്ദ്രൻ പണം ആവശ്യപ്പെട്ട് സ്ഥിരമായി ഭാര്യയെ മർദിക്കാറുണ്ടായിരുന്നു. ഇന്നലെയും മദ്യപിച്ചെത്തിയ പ്രതിയും ഭാര്യയും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് ജയചന്ദ്രൻ ഭാര്യയെ ക്രൂരമായി മർദിക്കുകയായിരുന്നു. വീട്ടമ്മയുടെ തല നിരവധി തവണ ഭിത്തിയിലിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചു. പരിക്കേറ്റ വീട്ടമ്മയുടെ ബന്ധുക്കളാണ് ആശുപത്രിയിലെത്തിച്ചത്. തുടർന്ന് ഇവർ നൽകിയ പരാതിയിൽ ജയചന്ദ്രനെ പരവൂർ പൊലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. കൊലപാതക ശ്രമത്തിനാണ് ഇയാൾക്കെതിരെ പൊലീസ് കേസെടുത്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.



# ഫെഡറൽ സംവിധാനം അട്ടിമറിക്കാൻ ശ്രമം, തെലങ്കാന മഹാറാലിയിൽ കേന്ദ്രസർക്കാരിനെതിരെ ആഞ്ഞടിച്ച്മുഖ്യമന്ത്രി പിണറായി വിജയൻ

ഹൈദരാബാദ് : ഫെഡറൽ സംവിധാനം അട്ടിമറിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആരോപിച്ചു.
തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവുവിന്റെ ഭാരത് രാഷ്ട്രസമിതി സംഘടിപ്പിച്ച റാലിയിൽ സംസാരിക്കുന്നതിനിടെയാണ് ബി.ജെ.പിക്കെതിരെ പിണറായി വിജയൻ ആഞ്ഞടിച്ചത്.
ഫെഡറലിസം തകർക്കാനുള്ള നീക്കമാണ് കേന്ദ്രം നടത്തുന്നത്. കുതിരക്കച്ചവടത്തിലൂടെ പല സംസ്ഥാനങ്ങളിലെയും ഭരണം കേന്ദ്രം അട്ടിമറിക്കുകയാണ്. ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള നീക്കം അംഗീകരിക്കാനാകില്ല. അത് രാജ്യത്തിന്റെ അഖണ്ഡതയെ തകർക്കും. ജുഡിഷ്യറിയെ അട്ടിമറിക്കാനും ബി.ജെ.പി സർക്കാർ ശ്രമം നടത്തുകയാണ്. കേന്ദ്രസർക്കാരിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താനാണ് സർക്കാർ നീക്കം, ഇതിനെതിരെ ചീഫ് ജസ്റ്റിസിന്റെ നീക്കം പ്രതീക്ഷ നൽകുന്നു. ഇന്ത്യ ജനാധിപത്യ രാജ്യമാണ്. രാഷ്ട്ര പിതാവിനെ വധിച്ചവരാണ് കേന്ദ്രം ഭരിക്കുന്നത്. ഭിന്നിപ്പിക്കാനുള്ള വർഗീയ അജണ്ടകൾക്കെതിരെ ജനം ഒരുമിക്കണമെന്നും പിണറായി പറഞ്ഞു.
ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ എന്നിവരും റാലിയിൽ പങ്കെടുത്തു. കെ.സി.ആറിന്റെ നേതൃത്വത്തിൽ മൂന്നാംമുന്നണി രൂപീകരിക്കാനുള്ള നീക്കങ്ങളുടെ ഭാഗമായാണ് റാലി സംഘടിപ്പിച്ചത്.



## രഞ്ജിത്ത് ശ്രീനിവാസൻ വധം; പ്രതികളുടെ അഭിഭാഷകർക്ക് സുരക്ഷ ഉറപ്പാക്കണം, ഹൈക്കോടതി നിർദേശം നൽകി

അലപ്പുഴ: ആലപ്പുഴയിലെ ബി ജെ പി നേതാവ് രഞ്ജിത് ശ്രീനിവാസൻ കൊലക്കേസിലെ പ്രതികളുടെ അഭിഭാഷകർക്ക് സുരക്ഷ ഉറപ്പാക്കണമെന്ന് ഹൈക്കോടതി. കേസിന്റെ വിചാരണ വേളയിൽ മാവേലിക്കര കോടതിയുടെ പരിസരത്ത് ആവശ്യമായ സുരക്ഷ ഒരുക്കണമെന്നും കോടതി നിർദേശിച്ചു. കോടതി പരിസരത്ത് സുരക്ഷയ്ക്കായി പൊലീസിനെ വിന്യസിക്കണമെന്നാണ് സർക്കാരിന് നൽകിയിരിക്കുന്ന നിർദേശം. പ്രതികൾക്ക് അഭിഭാഷകരെ കണ്ടെത്താൻ മുപ്പത് ദിവസം സമയം അനുവദിക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്.
അതേസമയം, രഞ്ജിത് വധക്കേസിന്റെ വിചാരണ കോട്ടയത്തേക്ക് മാറ്റണമെന്ന് പ്രതികളുടെ ആവശ്യം കോടതി തള്ളി. 2021 ഡിസംബർ പത്തൊൻപതിനാണ് രഞ്ജിത് ശ്രീനിവാസൻ കൊല്ലപ്പെട്ടത്. അക്രമികൾ വീട്ടിൽക്കയറി വെട്ടിക്കൊല്ലുകയായിരുന്നു





## പോപ്പുലർ ഫ്രണ്ട് ഹർത്താലിലെ ആക്രമണം; ജപ്തി നടപടികൾ ഉടൻ പൂർത്തിയാക്കണം, സർക്കാരിന് ഹൈക്കോടതിയുടെ അന്ത്യശാസനം

കൊച്ചി: സർക്കാരിന് ഹൈക്കോടതിയുടെ അന്ത്യശാസനം. പോപ്പുലർ ഫ്രണ്ട് ഹർത്താലിലെ അക്രമങ്ങളുമായി ബന്ധപ്പെട്ട ജപ്തി നടപടികൾ ഉടൻ പൂർത്തിയാക്കണമെന്ന് സർക്കാരിനോട് ഹൈക്കോടതി ആവശ്യപ്പെട്ടു. ഈ മാസം 23നകം റിപ്പോർട്ട് നൽകണമെന്നും കോടതി അറിയിച്ചു. നടപടികൾ പൂർത്തിയാക്കി ജില്ലാ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് 23നകം നൽകണം. ജപ്തി നടപടികൾക്ക് നോട്ടീസ് നൽകേണ്ടതില്ലെന്നും കോടതി അറിയിച്ചു. ജപ്തി നടപടികൾ വൈകുന്നതിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അതൃപ്തി രേഖപ്പെടുത്തി. ജനുവരി 15ന് മുമ്ബ് ജപ്തി നടപടികൾ പൂർത്തിയാക്കുമെന്നായിരുന്നു ആഭ്യന്തര വകുപ്പ് നേരത്തെ കോടതിയെ അറിയിച്ചത്. കോടതി നിർദേശത്തിൽ നേരിട്ട് ഹാജരായ ആഭ്യന്തര വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു നടപടി വൈകിയതിൽ ഹൈക്കോടതിയിൽ ഖേദം പ്രകടിപ്പിച്ചിരുന്നു.

## അഞ്ച് മിനിട്ട് വൈകിയതിന് കുട്ടികളെ പുറത്താക്കി സ്കൂൾ ഗേറ്റ് പൂട്ടി; 25 വിദ്യാർത്ഥികൾ റോഡിൽ നിന്നത് മണിക്കൂറുകൾ

ആലപ്പുഴ: സ്കൂളിലെത്താൻ അഞ്ച് മിനിട്ട് വൈകിയതിന് കുട്ടികളെ പുറത്താക്കി ഗേറ്റ് അടച്ച് മണിക്കൂറുകളോളം പുറത്തുനിർത്തി. ആലപ്പുഴ എടത്വ സെന്റ് അലോഷ്യസ് സ്കൂളിലാണ് സംഭവം. 25 വിദ്യാർത്ഥികളാണ് സ്കൂളിൽ കയറ്റാത്തത്തിനാൽ റോഡരികിൽ നിന്നത്. എന്നാൽ സ്ഥിരം വൈകിയെത്തുന്നവരെയാണ് പുറത്ത് നിർത്തിയതെന്നാണ് പ്രിൻസിപ്പൾ മാത്തുക്കുട്ടി വർഗീസ് പറഞ്ഞത്. രാവിലെ ഒമ്പത് മണിക്കാണ് സ്കൂളിൽ ബെല്ലടിക്കുന്നത്. 9.10 വരെ എത്തിയ കുട്ടികളെ ക്ലാസിൽ കയറ്റിയിട്ടുണ്ട്. ക്ലാസിൽ കയറാതെ കറങ്ങി നടക്കുന്നവരെയാണ് പുറത്താക്കി ഗേറ്റടച്ചതെന്നും പ്രിൻസിപ്പൾ പ്രതികരിച്ചു. സംഭവത്തിൽ രക്ഷിതാക്കൾ രംഗത്തെത്തിയതോടെയാണ് വിദ്യാർത്ഥികളെ സ്കൂളിൽ കയറ്റിയത്.



## ഫൊക്കാന കേരള കൺവൻഷൻ മാർച്ച് 31നും ഏപ്രിൽ ഒന്നിനും; മികച്ച മന്ത്രിക്കുള്ള അവാർഡ് മുഹമ്മദ് റിയാസിന്

**തിരുവനന്തപുരം:** അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സംഘടനയായ ഫൊക്കാനയുടെ കേരള കൺവൻഷൻ ഈ വർഷം മാർച്ച് 31, ഏപ്രിൽ ഒന്ന് തീയതികളിൽ തിരുവനന്തപുരത്തെ ഹോട്ടൽ ഹയാത്ത് റീജൻസിയിൽ നടക്കും. സംസ്ഥാനത്തെ ഏറ്റവും മികച്ച മന്ത്രിക്ക് ഫൊക്കാന നൽകുന്ന പ്രഥമ അവാർഡിന് ടൂറിസം, പൊതുമരാമത്ത് വകുപ്പു മന്ത്രി മുഹമ്മദ് റിയാസിനെ തിരഞ്ഞെടുത്തുവെന്നും ഫൊക്കാന പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ, ജനറൽ സെക്രട്ടറി ഡോ.കലാ ഷാഹി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അവാർഡ് കൺവൻഷൻ വേദിയിൽ വച്ച് റിയാസിന് സമ്മാനിക്കും. അമേരിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നും പ്രതിനിധികൾ കൺവൻഷനിൽ പങ്കെടുക്കും. സാമൂഹിക സുരക്ഷാ മേഖലയിൽ പ്രവർത്തിക്കുന്ന കേരളീയം എന്ന സംഘടനയുമായി ചേർന്നാണ് കേരള കൺവേൻഷൻ നടത്തുന്നത്. മന്ത്രി വി.ശിവൻകുട്ടി, പി.വി.അബ്ദുൾ വഹാബ് എം.പി, മുൻ അംബാസിഡർ ഡോ.ടി.പി. ശ്രീനിവാസൻ എന്നിവരും കൺവൻഷന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നുണ്ട്. ഫൊക്കാനയുടെ അമേരിക്കൻ കൺവൻഷൻ വാഷിംഗ്ടൺ ഡി.സിയിൽ 2024 ജൂലായ് 18.19,20 തീയതികളിൽ നടക്കും. കേരളസർവകലാശാലയുമായി ചേർന്ന് ഫൊക്കാന നൽകി വരുന്ന ഭാഷയ്ക്കൊരു ഡോളർ പുരസ്ക്കാരത്തിനു പുറമെ ഫൊക്കാനയുടെ ചരിത്രത്തിലെ ഏക വനിത അദ്ധ്യക്ഷയായിരുന്ന മറിയാമ്മ പിള്ളയുടെ നാമധേയത്തിൽ ആതുര ശുശ്രൂഷാ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന നഴ്സിനും അടുത്തിടെ അന്തരിച്ച പ്രശസ്ത സാഹിത്യകാരൻ സതീഷ് ബാബുവിന്റെ സ്മരണയ്ക്കായി പ്രവാസി എഴുത്തുകാരിൽ നിന്നുമുള്ള മികച്ച രചനയ്ക്കും അവാർഡ് നൽകും.

**ഫൊക്കാന വില്ലേജ്**

കേരള സർക്കാരിന്റെ ഭവന പദ്ധതിയുമായി ചേർന്ന് 22 വീടുകൾ ഫൊക്കാന നിർമ്മിച്ചു നൽകും. സ്ഥലം കണ്ടെത്താൻ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പദ്ധതിയുടെ സി.ഇ.ഓയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടുത്ത മാസം സ്ഥല നിർണയം നടക്കും. തുടർന്ന് നിർമ്മാണം ആരംഭിക്കും.

**ഇന്റേൺഷിപ്പ്**

അമേരിക്കയിലെ രാഷ്ട്രീയ രംഗത്തും ഭരണ രംഗത്തും അനുഭവ പരിചയം നേടാൻ ഫൊക്കാനയുടെ സ്പോൺസർഷിപ്പിലൂടെ അമേരിക്കൻ വാസികളായ രണ്ട് മലയാളി വിദ്യാർത്ഥികൾക്ക് വൈറ്റ് ഹൗസിലോ ക്യാപ്പിറ്റൽ ഹില്ലിലോ ഇന്റേൺഷിപ്പ് നൽകുന്ന പരിപാടിക്ക് ഈ വർഷം തുടക്കം കുറിക്കും.അമേരിക്കയിലെ മലയാളി വിദ്യാർത്ഥികളുടെ ഭാവി പഠനത്തിന് സഹായമായി 500 ഡോളർ വീതം 50 കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

**കമ്മിഷൻ സംഘടനയല്ല**

ഫൊക്കാനയുടെ പ്രവർത്തനം നേർത്ത് അമേരിക്കയ്ക്കു പുറത്തേക്ക് വ്യാപിപ്പിക്കുകയാണെന്ന് ഡോ.ബാബു സ്റ്റീഫൻ പറഞ്ഞു.ഫൊക്കാനയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഫൊക്കാനയുടെ പുതിയ നേതൃത്വം നടപ്പിലാക്കുന്നത്. ചെന്നൈയ്ക്കും ഡൽഹിക്കും പുറമെ ആസ്ട്രേലിയയിലും കെനിയയിലും ദക്ഷിണാഫ്രിക്കയിലുമൊക്കെ ഫൊക്കാന ചാപ്റ്ററുകൾ തുടങ്ങും.കടലാസ് സംഘടനെയന്ന പേരുദോഷം കഴിഞ്ഞ അഞ്ചുമാസത്തെ പ്രവർത്തനത്തിനിടയിൽ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.ഫൊക്കാന കമ്മിഷൻ സംഘടനയെല്ലെന്നും ബാബു സ്റ്റീഫൻ കൂട്ടിച്ചേർത്തു.



## ഇസ്ലാമിക ഭരണം ലക്ഷ്യമിടുന്ന സംഘടനകളെ അനുവദിക്കാൻ കഴിയില്ല; കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ഇസ്ലാമിക ഭരണം ലക്ഷ്യമിടുന്ന സംഘടനകളെ ഇന്ത്യയിൽ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് കേന്ദ്ര സർക്കാർ. തുടർച്ചയായി എട്ടാം തവണയും സിമി നിരോധിച്ചത് ശരിവച്ചുകൊണ്ടുള്ള സത്യവാങ്മൂലത്തിലാണ് കേന്ദ്രം നിലപാട് വ്യക്തമാക്കിയത്. ഇന്ത്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും വെല്ലുവിളി ആയതിനാലാണ് സിമിയുടെ നിരോധനം തുടരുന്നതെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സിമി ദേശീയതയ്ക്ക് എതിരാണ്. ഇസ്ലാമിക ഭരണം ലക്ഷ്യമിടുന്ന സിമി ഇന്ത്യയിലെ നിയമനങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഒരു കാരണവശാലും സംഘടനയ്ക്ക് പ്രവർത്തിക്കാനുള്ള അനുമതി നൽകാനാകില്ലെന്നും സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ കേന്ദ്രം വ്യക്തമാക്കി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആണ് സത്യവാങ്മൂലം ഫയൽ ചെയ്തത്. 2001 ലാണ് സിമിയെ കേന്ദ്ര സർക്കാർ ആദ്യം നിരോധിച്ചത്. നിരോധനത്തിന് ശേഷവും വിവിധ പേരുകളിൽ സംഘടന പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ഡസനിലധികം പോഷക സംഘടനകൾ സിമിക്ക് ഉണ്ട്. ഈ സംഘടനകളിലൂടെ ധനസമാഹരണം നടത്തുന്നുണ്ട്. ഇതിന് പുറമെ പഴയ പ്രവർത്തകരെ ഒന്നിപ്പിക്കുന്നതിനും, ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും ഈ സംഘടനകളെ ഉപയോഗിക്കുന്നുണ്ട്. രാജ്യ സുരക്ഷയെ ബാധിക്കുന്ന നിരോധന പ്രവർത്തനങ്ങളിൽ സംഘടനയുടെ പ്രവർത്തകർ ഇപ്പോഴും ഏർപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ആണ് നിരോധനം തുടരുന്നത് എന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി. 2019ലാണ് അവസാനമായി സിമിയുടെ നിരോധനം നീട്ടിയത്. യുഎപിഎ നിയമപ്രകാരമുള്ള ഈ നിരോധനം ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജി സുപ്രീംകോടതി പരിഗണിക്കാനിരിക്കെയാണ് കേന്ദ്രം സത്യവാങ്മൂലം ഫയൽ ചെയ്തത്.

## ഖിലാഡിക്സ്.കോം അബുദാബി നൈറ്റ് റൈഡേഴ്സിന്റെ പ്രധാന സ്പോൺസർ

യുഎഇയിൽ നടക്കുന്ന പ്രഥമ ഡിപിഡബ്ല്യൂ ഐഎൽടി20 മത്സരത്തിന് അബുദാബി നൈറ്റ് റൈഡേഴ്സിന്റെ പ്രധാന സ്പോൺസർമാരായി. പങ്കാളിത്തത്തിന്റെ ഭാഗമായി സ്പോർട്സ് പ്ലാറ്റ്ഫോമായ ഖിലാഡിക്സ്.കോം. അബുദാബി നൈറ്റ് റൈഡേഴ്സിന്റെ എല്ലാ ടീം കളിക്കാരുടെയും ജേഴ്സിയിൽ ഇരുവശത്തും ഖിലാഡിക്സ്.കോം ബ്രാൻഡിംഗ് ഉണ്ടായിരിക്കും.അബുദാബി നൈറ്റ് റൈഡേഴ്സുമായുള്ള പങ്കാളിത്തം ഖിലാഡിക്സ്.കോമിന് കൂടുതൽ ബ്രാൻഡ് സാന്നിധ്യവും അവബോധവും നൽകും. ഈ പങ്കാളിത്തം ആഗോളതലത്തിൽ ഒരു ക്രിക്കറ്റ് ലീഗുമായുള്ള ഖിലാഡിക്സ്.കോംന്റെ ആദ്യ കൂട്ടുകെട്ടിനെ അടയാളപ്പെടുത്തുന്നു. ഒരു പ്രീമിയം സ്പോർട്സ് പ്ലാറ്റ്ഫോമായ ഖിലാഡിക്സ്.കോം എല്ലാ കായിക വിനോദങ്ങളുടെയും ഒറ്റ പ്ലാറ്റ്ഫോം ആയി മാറാൻ ലക്ഷ്യമിടുന്നു. അബുദാബി നൈറ്റ് റൈഡേഴ്സുമായുള്ള പങ്കാളിത്തം, ജേഴ്സി ബ്രാൻഡിംഗ് ഒഴികെയുള്ള എല്ലാ ബ്രാൻഡിംഗ് അവസരങ്ങളിലും ലോഗോ സാന്നിധ്യത്തിലൂടെ ഖിലാഡിക്സ്.കോമിന് വ്യാപകമായ ദൃശ്യപരത നൽകും.അബുദാബി നൈറ്റ് റൈഡേഴ്സുമായുള്ള ഈ കന്നി കൂട്ടായ്മയിൽ തങ്ങൾ ആവേശഭരിതരാണെന്ന് അസോസിയേഷനെ കുറിച്ച് സംസാരിച്ച ഖിലാഡിക്സ്.കോം വക്താവ് പറഞ്ഞു. 'ഞങ്ങളുടെ ടാർഗെറ്റ് ഗ്രൂപ്പിലേക്ക് എത്തിച്ചേരാനും അവരുമായി സജീവമായി ഇടപഴകാനും പങ്കാളിത്തം ഞങ്ങളെ സഹായിക്കും. യുഎഇയിൽ നടക്കുന്ന ഇന്റർനാഷണൽ ലീഗ് ടി20 മത്സരത്തിന്റെ ഉദ്ഘാടന സീസണിൽ ഒരുപാട് കാര്യങ്ങൾ സംഭരിക്കാനുണ്ടെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്, ഞങ്ങളുടെ പങ്കാളിയായ അബുദാബി നൈറ്റ് റൈഡേഴ്സുമായി ചേർന്ന് ഞങ്ങളുടെ ബ്രാൻഡ് നിർദ്ദേശം ശക്തിപ്പെടുത്തുന്നതിനുള്ള ആവേശം പ്രയോജനപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു.' വക്താവ് കൂട്ടിച്ചേർത്തു.




## 10,000 ജീവനക്കാരെ പിരിച്ചുവിടാനൊരുങ്ങി മൈക്രോസോഫ്റ്റ്




**വാഷിങ്ടൺ:** 10,000 ജീവനക്കാരെ പിരിച്ചുവിടാനൊരുങ്ങി മൈക്രോസോഫ്റ്റ്. സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിനുള്ളിൽ ജീവനക്കാരെ ഒഴിവാക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. സാമ്പത്തിക പ്രതിസന്ധി മുന്നിൽകണ്ട് യു.എസിലെ ടെക് ഭീമൻമാർ ജീവനക്കാരെ ഒഴിവാക്കുന്നതിനിടെയാണ് മൈക്രോസോഫ്റ്റിന്റെയും നീക്കം.കഴിഞ്ഞ വർഷം ജൂലൈയിൽ കമ്പനിയിലെ കുറച്ച് ജീവനക്കാർക്ക ജോലി നഷ്ടമാകുമെന്ന് മൈക്രോസോഫ്റ്റ് വ്യക്തമാക്കിയിരുന്നു.ഇതിന് പിന്നാലെ ആയിരത്തോളം ജീവനക്കാരെ കമ്പനി പിരിച്ചുവിടുകയും ചെയ്തിരുന്നു. കോവിഡിനെ തുടർന്ന് പേഴ്സണൽ കമ്പ്യൂട്ടറുകളുടെ ഡിമാൻഡിലുണ്ടായ കുറവാണ് കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചത്.നേരത്തെ അമേരിക്കൻ മൾട്ടി നാഷണൽ ഇൻവെസ്റ്റ്മെന്റ് കമ്പനിയായ ഗോൾഡ്മാൻ സാച്ച്സ് 3000 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. മാനേജർമാർ ജീവനക്കാരെ യോഗത്തിന് ക്ഷണിച്ചതിന് പിന്നാലെയാണ് ഒറ്റദിവസം ഇത്രയും ജീവനക്കാരെ പിരിച്ചുവിടുന്നത്. ഇമെയിലിലൂടെ രാവിലെ 7.30ന് മീറ്റിങ്ങിനെത്തണമെന്ന നിർദേശമാണ് ജീവനക്കാർക്ക് ലഭിച്ചത്




## ആപ്പിളിനെ മറികടന്ന് ആമസോൺ ഇന്ത്യയിൽ നിന്ന് ഒന്നുമാത്രം

**ന്യൂഡൽഹി:** ലോകത്തെ ഏറ്റവും മൂല്യമേറിയ കമ്പനിയായി ആമസോൺ. ആപ്പിളിനെ മറികടന്നാണ് ആമസോണിന്റെ നേട്ടം. . ഇന്ത്യയിൽ നിന്നും ടാറ്റ ഗ്രൂപ്പ് മാത്രമാണ് ആദ്യ 100 കമ്പനികളുടെ ലിസ്റ്റിൽ ഇടംപിടിച്ചത്.ആപ്പിളിന്റെ ബ്രാൻഡ് മുല്യം 355 ബില്യൺ ഡോളറിൽ നിന്നും 297.5 ബില്യണിലേക്ക് ഇടിഞ്ഞതോടെയാണ് ആമസോൺ നേട്ടം കൈവരിച്ചത്.48 ടെക് കമ്പനികളാണ് റാങ്കിങ്ങിൽ ഇടംപിടിച്ചത്. സ്നാപ്ചാറ്റും, ട്വിറ്ററും പുതിയ റാങ്കിങ്ങിൽ താഴോട്ട് ഇറങ്ങിയിട്ടുണ്ട്. ആമസോൺ, ആപ്പിൾ, ഗൂഗ്ൾ, മൈക്രോസോഫ്റ്റ്, വാൾമാർട്ട്, സാംസങ്, ഐ.സി.ബി.സി, വെരിസോൺ, ടെസ്ല എന്നിവരാണ് പട്ടികയിൽ ആദ്യ പത്തിൽ ഇടംപടിച്ചത്.ഇലക്ട്രിക് കാർ നിർമ്മാതാക്കളായ ടെസ്‍ല, ബി.വൈ.ഡി എന്നിവക്കൊപ്പം ഇൻസ്റ്റഗ്രാമും ലിങ്ക്ഡ്ഇന്നും റാങ്കിങ്ങിൽ നേട്ടമുണ്ടാക്കി. ഇന്ത്യയിൽ നിന്നും ടാറ്റ മോട്ടോഴ്സ് മാത്രമാണ് ആദ്യ 100ൽ ഇടംപിടിച്ചത്. എട്ട് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി ഇൻഫോസിസ് റാങ്കിങ്ങിൽ 150ാം സ്ഥാനത്തേക്ക് ഉയർന്നു.



## എച്ച്ഡിഎഫ്സിക്ക് മുന്നേറ്റം

**മുംബൈ:** ഇന്ത്യൻ ഇകിറ്റി ബെഞ്ച്മാർക്കുകളായ സെൻസെക്സും നിഫ്റ്റിയും നേട്ടം തുടരുന്നു. എച്ച്ഡിഎഫ്സി ബാങ്ക്, എച്ച്ഡിഎഫ്സി, ലാർസൻ ആൻഡ് ടൂബ്രോ, ഐസിഐസിഐ ബാങ്ക് എന്നിവയാണ് സൂചികകൾക്ക് താങ്ങായത്.അതേസമയം റിലയൻസ്, ടാറ്റ മോട്ടോഴ്സ്, അൾട്രാടെക്, എസ്ബിഐ എന്നിവ സൂചികയെ തളർത്തി.ബിഎസ്ഇ സെൻസെക്സ് 390 പോയിന്റ് ഉയർന്ന് 61,045.7ലും നിഫ്റ്റി 112.1 പോയിന്റ് ഉയർന്ന് 18,165.4ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. വ്യാപാരത്തിന്റെ ആദ്യ 30 മിനിറ്റിലെ വ്യാപാരം മന്ദഗതിയിലായിരുന്നു. നിഫ്റ്റിയിലെ 50 ഓഹരികളിൽ മുപ്പത്തിയഞ്ച് ഓഹരികൾ ഈ ദിവസം ഉയർന്നു. ഹിൻഡാൽകോ, ടാറ്റ സ്റ്റീൽ, ലാർസൻ ആൻഡ് ടൂബ്രോ, യുപിഎൽ, വിപ്രോ, കോൾ ഇന്ത്യ, എച്ച്ഡിഎഫ്സി ബാങ്ക്, എച്ച്ഡിഎഫ്സി, ഭാരതി എയർടെൽ, ജെഎസ്ഡബ്ല്യു സ്റ്റീൽ തുടങ്ങിയ ഓഹരികൾ 1.3 ശതമാനത്തിനും 2.9 ശതമാനത്തിനും ഇടയിൽ നേട്ടം കൈവരിച്ചു.മറുവശത്ത്, ടാറ്റ മോട്ടോഴ്സ്, അദാനി എന്റർപ്രൈസസ്, എച്ച്ഡിഎഫ്സി ലൈഫ്, അൾട്രാടെക് സിമന്റ്, ബിപിസിഎൽ, ഇൻഡസ്ഇൻഡ് ബാങ്ക്, നെസ്‌ലെ, ബജാജ് ഫിൻസെർവ്, ഐഷർ, സിപ്ല എന്നീ ഓഹരികൾ 0.4 ശതമാനത്തിനും 1.6 ശതമാനത്തിനും ഇടയിൽ ഇടിഞ്ഞു.നിഫ്റ്റി മിഡ്ക്യാപ്, നിഫ്റ്റി സ്മോൾക്യാപ് സൂചികകൾ യഥാക്രമം 0.5 ശതമാനവും 0.1 ശതമാനവും ഉയർന്നതോടെ വിശാലമായ വിപണികളും ശക്തമായി. പോളിപ്ലെക്സ്, ജസ്റ്റ് ഡയൽ, ആൽകാർഗോ, ടിടിഎംഎൽ, ആർവിഎൻഎൽ എന്നിവ അഞ്ച് ശതമാനത്തിനും 11.7 ശതമാനത്തിനും ഇടയിൽ ഉയർന്നു. മറുവശത്ത്, മിൻഡ കോർപ്, സ്റ്റാർ ഹെൽത്ത്, ബാങ്ക് ഓഫ് ഇന്ത്യ, ഐസിഐസിഐ ലോംബാർഡ്, ഡെൽറ്റ കോർപ് എന്നിവ 3.8 ശതമാനത്തിനും 5.4 ശതമാനത്തിനും ഇടയിൽ ഇടിവ് രേഖപ്പെടുത്തി.ബിഎസ്ഇയിൽ 1,942 സ്റ്റോക്കുകൾ ഉയരുകയും 1,573 നഷ്ടം നേരിടുകയും ചെയ്തു. കറൻസി മാർക്കറ്റിൽ ഡോളറിനെതിരെ രൂപയുടെ മൂല്യം 52 പൈസ അഥവാ 0.6 ശതമാനം ഉയർന്ന് 81.24 ൽ അവസാനിച്ചു.

केनरा बैंक

Canara Bank

## സേവനനിരക്കുകൾ വർധിപ്പിച്ച്കാനറ ബാങ്ക്

**ന്യൂഡൽഹി :** ഡെബിറ്റ് കാർഡ് സർവീസ് ചാർജ് വർധിപ്പിച്ച് കാനറ ബാങ്ക്. ഫെബ്രുവരി 13 മുതൽ പുതിയ നിരക്കുകൾ നിലവിൽ വരും.പ്രതിവർഷ ഫീസ്, കാർഡ് മാറ്റൽ, എസ്.എം.എസ് അലേർട്ട് എന്നിവയുടെ ചാർജുകളാണ് വർധിപ്പിച്ചത്.സാധാരണ ഡെബിറ്റ് കാർഡ് ചാർജ് 200 രൂപയായാണ് ഉയർത്തിയത്. പ്ലാറ്റിനം കാർഡിന്റെ ചാർജ് 500 രൂപയായും കൂട്ടി.ഡെബിറ്റ് കാർഡ് മാറ്റുന്നതിന് 50 രൂപ മുതൽ 150 രൂപ വരെയാണ് ചാർജ്. ഡെബിറ്റ് കാർഡ് ഉപയോഗിക്കാതിരുന്നാൽ പ്രതിവർഷം 300 രൂപയും ചാർജ് നൽകണം. സാധാരണ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ കഴിയുന്ന തുക 40,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്ലാറ്റിനം കാർഡ് ഉപയോഗിച്ച് 50,000 രൂപ മുതൽ രണ്ട് ലക്ഷം വരെയും പിൻവലിക്കാം.

# കേരളത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിന് അനന്ത സാധ്യത; ദ്വിദിന ശിൽപശാല തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** സംസ്ഥാനത്തെ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റാനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിക്ക് പിൻതുണയുമായി രാജ്യത്തെ പോളിമർ പ്രൊഫഷണലുകളുടെ സാങ്കേതിക പ്രൊഫഷണൽ ബോഡിയായ ഇന്ത്യൻ പ്ലാസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദേശീയ സമ്മേളനം തിരുവനന്തപുരത്ത് വെച്ച് നടക്കും. ഈ മാസം 20, 21 തീയതികളിൽ രാജ്യത്തെ പ്രമുഖർ നയിക്കുന്ന ശിൽപശാല ഹോട്ടൽ അപ്പോള ഡിമോറയിൽ വെച്ചാണ് നടക്കുക. 20 തിന് രാവിലെ 9.30 മണിക്ക് വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആദ്യത്തെ സമ്മേളനമാണ് ഇത്.കെഎസ്ഐഡിസിയുടെ കീഴിൽ തിരുവനന്തപുരം ലൈഫ് സയൻസസ് പാർക്കിൽ മെഡിക്കൽ ഉപകരണ പാർക്ക് നടപ്പാക്കുകയും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം എന്ന സംഘടന രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീചിത്ര തിരുനാൾ സെന്റർ ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസസ് ആൻഡ് ടെക്നോളജി, ഐഐഎസ്ഇആർ എന്നിവരും കോൺഫറൻസിൽ പങ്കാളികളാകും. ഉയർന്ന വിദ്യാഭ്യാസവും വൈദഗ്ധ്യവുമുള്ള മനുഷ്യശേഷിയും ശുദ്ധമായ അന്തരീക്ഷവും സംസ്ഥാനത്ത് ഇത്തരം വ്യവസായങ്ങൾക്ക് അനുയോജ്യമായ സ്ഥലമായാണ് രാജ്യത്തുള്ള വിദഗ്ധർ നോക്കിക്കാണുന്നത്. നിലവിൽ സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങളിൽ 70 ശതമാനവും ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം കൂടുതലും നടക്കുന്നത് സംസ്ഥാനത്തിന് പുറത്തുമാണ്. അതേ സമയം, ലോകത്തിലെ ഏറ്റവും വലിയ ബ്ലഡ് ബാഗ് നിർമ്മാണ പ്ലാന്റുകളിലൊന്ന് തിരുവനന്തപുരത്താണ്. ടിടികെയുടെ ഹൃദയ വാൽവ് നിർമ്മാണ യൂണിറ്റ് തിരുവനന്തപുരത്താണ് പ്രവർത്തിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾക്കായുള്ള സാങ്കേതികവിദ്യ തിരുവനന്തപുരത്തെ ടഇഠകണ്ടഠൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ്.അങ്ങനെ, മികച്ച രീതിയിൽ ഒരു മെഡിക്കൽ ഉപകരണ നിർമ്മാണ കേന്ദ്രമായി സംസ്ഥാനത്തിന് മാറാൻ കഴിയുമെന്ന് വ്യക്തമാണെന്നാണ് വിലയിരുത്തൽ . മെഡിക്കൽ ടെക്നോളജി മേഖലയിൽ 700-ഓളം സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഐപിഐ (ഠവല കിറശമി ജഹമെശേര കിെശേൗലേ) മുൻകൈയെടുത്ത് മെഡിക്കൽ ഉപകരണങ്ങളുടെയും പ്ലാസ്റ്റിക്കിന്റെയും ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നത്. ഈ മേഖലയിലെ ഏറ്റവും പുതിയ ട്രെൻഡുകളും അവസരങ്ങളും ചർച്ച ചെയ്യുക എന്നതാണ് കോൺഫറൻസിന്റെ ലക്ഷ്യം, അതുവഴി നിലവിലുള്ള സംരംഭകർക്കും ഭാവി സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും വളരെയധികം പ്രയോജനം ലഭിക്കുംഅറിവ് പങ്കുവയ്ക്കുന്നതിനും വ്യവസായവുമായി സംവദിക്കുന്നതിനുമായി ബന്ധപ്പെട്ട എല്ലാ സംഘടനകളും ഒന്നിക്കുന്നത് ഇതാദ്യമാണ്. കോൺഫറൻസ് പങ്കെടുക്കുന്നവർക്ക് സംവദിക്കാൻ ഒരു നെറ്റ്വർക്കിംഗ് പ്ലാറ്റ്ഫോം നൽകും. മൂന്ന് സെഷനുകളിലായി വൈവിധ്യമാർന്ന വിഷയങ്ങളിൽ വൈദഗ്ധ്യമുള്ള 20-ലധികം സ്പീക്കറുകൾ ഉണ്ടായിരിക്കും, കൂടാതെ ടഇഠകണ്ടഠ, ഒഘഘ ലൈഫ് കെയർ സെന്റർ ഓഫ് എക്സലൻസിലെ വിദഗ്ധരുമായി അടുത്ത ആശയവിനിമയം നടത്തുന്ന ഒരു പരിപാടിയും രണ്ടാം ദിവസം ഉണ്ടായിരിക്കും



# രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കെതിരായ പ്രചാരണങ്ങൾ തള്ളി കളയണം: എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ

ദേശീയ വിരവിമുക്ത ദിനാചരണ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ചെർക്കള ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ നിർവഹിച്ചു. ചെർക്കള ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഖാദർ ബദരിയ അധ്യക്ഷത വഹിച്ചു. മണ്ണിൽകൂടി പകരുന്ന വിരകൾ ഇന്നും ഒരു പൊതുജനാരോഗ്യ പ്രശ്നമായി നിലനിൽക്കുകയാണെന്ന് എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ പറഞ്ഞു. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിരേധപ്രവർത്തനങ്ങളിലൂടെയാണ് പോളിയോ, മന്ത്, റൂബെല്ലാ, ക്ഷയം തുടങ്ങിയ മഹാവ്യാധികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കാൻ സാധിച്ചത്. പഴയ കാലത്ത് വിരയിളക്കാൻ മരുന്ന് നൽകുന്നത് സർവ്വസാധാരണമായിരുന്നു. വിര വിമുക്ത പരിപാടിക്കെതിരെ നടക്കുന്ന പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാകണന്നും എം.എൽ.എ പറഞ്ഞു. കാസർകോട് ജില്ലയിൽ വ്യാപകമായിരുന്ന പകർച്ചവ്യാധികളെ നിയന്ത്രിച്ചത് ആരോഗ്യ പ്രവർത്തകരാണെന്നും എം.എൽ.എ പറഞ്ഞു. ജില്ലാ ടി.ബി ആന്റ് എയ്ഡ്സ് കൺട്രോൾ ഓഫീസർ എ.മുരളീധര നല്ലൂരായ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ, മുളിയാർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.ഷമീമ തൻവീർ, ചെങ്കള പഞ്ചായത്ത് ആരോഗ്യകാര്യം സ്ഥിരം സമിതി അദ്ധ്യക്ഷൻ സലിം എടനീർ, ജില്ലാ എം.സി.എച്ച്.ഓഫീസർ എൻ.ജി.തങ്കമണി, ചെങ്കള ഗ്രാമപഞ്ചായത്തംഗം ഹസീന റഷീദ്, ജി.എച്ച്.എസ്.എസ്.ചെങ്കള പ്രിൻസിപ്പാൾ ടി.വി.വിനോദ് കുമാർ, പ്രധാനാധ്യാപകൻ എം.എം.അബ്ദുൾ ഖാദർ, പി.ടി.എ പ്രസിഡണ്ട് ഷുക്കൂർ ചെർക്കള, കാസർകോട് അഡീഷണൽ സി.ഡി.പി.ഒ എ.ജെ.ജൂഡി, ജില്ലാ എഡ്യുക്കേഷൻ ആന്റ് മാസ് മീഡിയ ഓഫീസർ (ആരോഗ്യം) അബ്ദുൾ ലത്തീഫ് മഠത്തിൽ, ടെക്നിക്കൽ അസിസ്റ്റന്റ് കുഞ്ഞിക്കൃഷ്ണൻ നായർ എന്നിവർ സംസാരിച്ചു. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.ടി.പി ആമിന സ്വാഗതവും ചെങ്കള പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.കെവിൻ വാട്സൺ നന്ദിയും പറഞ്ഞു.65 ശതമാനം കുട്ടികൾക്കാണ് വിരബാധയുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നത്. വിളർച്ച, പോഷക കുറവ്, വിശപ്പില്ലായ്മ, ഛർദ്ദിയും വയറിളക്കവും, മലത്തിൽകൂടി രക്തം പോകൽ എന്നിവയാണ് വിരബാധമൂലം കുട്ടികളിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ. കുട്ടികളുടെ ശരീരത്തിൽ വിരകളുടെ തോത് വർധിക്കുംതോറും ആരോഗ്യപ്രശ്നങ്ങളും കൂടിവരും. തുടർന്ന് ശാരീരികവും മാനസികവും ആയ വികാസ വൈകല്യങ്ങളും കുട്ടികൾക്കുണ്ടാകുന്നു. മാത്രമല്ല സ്കൂളിൽ പോകാനാകാതെ പഠനം തടസ്സപ്പെടുന്ന അവസ്ഥയും ഉണ്ടാകുന്നു. മണ്ണിൽകൂടി പകരുന്ന വിരകൾ മനുഷ്യന്റെ ആമാശയത്തിൽ ജീവിച്ചു മനുഷ്യനാവശ്യമുള്ള പോഷകങ്ങളെല്ലാം ആഗിരണം ചെയ്തു വളരുകയും പൊതുസ്ഥലത്തു മലവിസർജനം നടത്തുന്നതുവഴി ഇതിന്റെ മുട്ടകൾ മണ്ണിലും ജലത്തിലും കലരാൻ ഇടവരികയും ചെയ്യുന്നു.



# ഇന്ത്യയ്ക്ക് വിജയത്തുടക്കം

ന്യൂസീലൻഡിന് എതിരായ ആദ്യ ഏകദിനത്തിൽ ഇന്ത്യക്ക് 12 റൺസ് ജയം. ഇന്ത്യ ഉയർത്തിയ 350 റൺസ് വിജയലക്ഷ്യം പടുത്തുയർത്തിയിട്ടും 78 പന്തിൽ 140 റൺസ് നേടിയ മൈക്കൽ ബ്രേസ്‌വെല്ലിൻറെ മുന്നിൽ അവസാന നിമിഷം വരെ വിറച്ച ഇന്ത്യ നാല് പന്ത് ബാക്കിനിൽക്കേ 12 റൺസിൻറെ ജയം സ്വന്തമാക്കുകയായിരുന്നു. നാല് വിക്കറ്റെടുത്ത മുഹമ്മദ് സിറാജാണ് ഇന്ത്യയെ അവസാന നിമിഷം മത്സരത്തിലേക്ക് തിരികെക്കൊണ്ടുവന്നത്.ശുഭ്മാൻ ഗില്ലിൻറെ ബാറ്റിൽ നിന്ന് റണ്ണൊഴുകിയ മത്സരത്തിൽ ന്യൂസിലൻഡ് ആദ്യം തന്നെ തോൽവിയുറപ്പിച്ചതുപോലെയാണ് ഇന്നിങ്സ് ആരംഭിച്ചത്. 110 റൺസെടുക്കുമ്പോഴേക്കും കിവീസിൻറെ അഞ്ച് മുൻനിര ബാറ്റർമാരും പുറത്തായി. ഒടുവിൽ 131ന് ആറെന്ന നിലയിൽ വൻ തോൽവി മുന്നിൽക്കണ്ടിടത്തുനിന്നാണ് ഏഴാം വിക്കറ്റിൽ മൈക്കൽ ബ്രേസ്‌വെല്ലും മിച്ചൽ സാൻട്നറും ചേർന്ന് പോരാട്ടം തുടങ്ങുന്നത്. ഓപ്പണർ ഫിൻ അലൻ 40 റൺസെടുത്തതൊഴിച്ചാൽ ബാക്കിയെല്ലാവരും പരാജയപ്പെട്ടിടത്താണ് മൈക്കൽ ബ്രേസ്‌വെല്ലും മിച്ചൽ സാൻട്നറും ചേർന്ന് അടിതുടങ്ങുന്നത്. ഇരുവരും ചേർന്ന് ചേർന്ന് ഇന്ത്യൻ ബൌളർമാരെ വിറപ്പിച്ചു.11 ബൗണ്ടറിയും ഏഴ് സിക്സറുമുൾപ്പെടെ 57 പന്തിൽ അതിവേഗ സെഞ്ചുറി കുറിച്ച ബ്രേസ്‌വെൽ ഇന്ത്യയെ ഞെട്ടിച്ചു. ഒപ്പം എട്ടാമനായി ഇറങ്ങിയ മിച്ചൽ സാൻട്നറും കൂടി റൺസ് സ്കോർ ചെയ്തതോടെ ഇന്ത്യ പരാജയം മണത്തു. പക്ഷേ അവസാന സ്പെല്ലിനെത്തിയ സിറാജ് ഈ കൂട്ടുകെട്ട് തകർത്തു. 45 പന്തിൽ 57 റൺസെടുത്ത മിച്ചൽ സാൻട്നറെ സിറാജ് സൂര്യകുമാർ യാദവിൻറെ കൈകളിലെത്തിച്ചു. ഏഴാം വിക്കറ്റിലെ ഏറ്റവും ഉയർന്ന മൂന്നാമത്തെ പാർട്ണർഷിപ്പാണ് ഇരുവരും ചേർന്ന് കണ്ടെത്തിയത്. 162 റൺസാണ് ഇരുവരും ചേർന്ന് ഏഴാം വിക്കറ്റിൽ കൂട്ടിച്ചേർത്തത്.അവസാന ഓവറിൽ 20 റൺസ് ജയിക്കാൻ വേണ്ടിയിരുന്ന ന്യൂസിലൻഡിൻഡിനായി ശർദുൽ താക്കൂർ എറിഞ്ഞ ആദ്യ പന്ത് തന്നെ ബ്രേസ്‌വെൽ സിക്സർ പറത്തി. ലക്ഷ്യം 14 ആയി കുറയുന്നു. അടുത്ത പന്ത് വൈഡ്. ലക്ഷ്യം അഞ്ച് പന്തിൽ 13 ആയി ചുരുങ്ങുന്നു. പക്ഷേ താക്കൂറിൻറെ അടുത്ത പന്തിൽ ബ്രേസ്‌വെൽ വിക്കറ്റിന് മുന്നിൽ കുരുങ്ങി. സ്റ്റമ്പ്സിന് നേരെയെത്തിയ പന്തിൽ കാൽ തട്ടിയ ബ്രേസ്‌വെൽ എൽ.ബി.ഡബ്ല്യു ആകുകയായിരുന്നു. ഇതോടെ നാല് പന്ത് ബാക്കിനിൽക്കേ കിവീസിൻറെ പോരാട്ടം അവസാനിച്ചു.കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ശ്രീലങ്കയ്ക്ക് എതിരായ മൂന്നാം ഏകദിനത്തിൽ സെഞ്ചുറിയുമായി നിർത്തിയിടത്ത് നിന്നാണ് ശുഭ്മാൻ ഗിൽ ഹൈദരാബാദിൽ തുടങ്ങിയത്. 149 പന്തിൽ ഒൻപത് സിക്സറും 19 ബൌണ്ടറികളുമുൾപ്പെടുന്നതായിരുന്നു ഗില്ലിൻറെ ഇരട്ട സെഞ്ചുറി ഇന്നിങ്സ്. ഗില്ലിൻറെ സൂപ്പർഫാസ്റ്റ് ഇന്നിങ്സിൻറെ ബലത്തിൽ ടീം ഇന്ത്യ എട്ട് വിക്കറ്റ് നഷ്ടത്തിൽ നിശ്ചിത ഓവറിൽ 349 റൺസെടുത്തു. നായകൻ രോഹിത് ശർമ്മ(38 പന്തിൽ 34), വിരാട് കോലി(10 പന്തിൽ 8), ഇഷാൻ കിഷൻ(14 പന്തിൽ 5), സൂര്യകുമാർ യാദവ്(26 പന്തിൽ 31), ഹാർദിക് പാണ്ഡ്യ(38 പന്തിൽ 28), വാഷിംഗ്ടൺ സുന്ദർ(14 പന്തിൽ 12), ഷർദ്ദുൽ താക്കൂർ(3 പന്തിൽ 3), കുൽദീപ് യാദവ്(6 പന്തിൽ 5), മുഹമ്മദ് ഷമി(2 പന്തിൽ 2) എന്നിങ്ങനെയായിരുന്നു മറ്റ് താരങ്ങളുടെ സ്കോർ.

EDITORS CHOICE

# ചില്ലറക്കാരനല്ല പച്ച പപ്പായ

ധാരാളം പോഷകഗുണങ്ങൾ അടങ്ങിയ പഴമാണ് പപ്പായ. പച്ച പപ്പായയിൽ വിറ്റാമിനുകൾ സി, ബി, ഇ തുടങ്ങിയ സുപ്രധാന പോഷകങ്ങളും പൊട്ടാസ്യം, ഫൈബർ, മഗ്നീഷ്യം, കുറഞ്ഞ കലോറി എന്നിവയും അടങ്ങിയിട്ടുണ്ട്. പച്ച പപ്പായ ഭക്ഷണത്തിന്റെ സുഗമമായ ദഹനത്തിന് സഹായിക്കുന്നു. ആസ്ത്മ, ഓസ്റ്റിയോ ആർത്രൈറ്റിസ്, സന്ധിവാതം, റുമറ്റോയ്ഡ് ആർത്രൈറ്റിസ് എന്നിവയുള്ള രോഗികൾക്ക് ഗുണം ചെയ്യുന്നതിനായി പച്ച പപ്പായയിൽ വിരുദ്ധ ബാഹ്യാവിഷ്ക്കാര ഗുണങ്ങളുണ്ട്. പുകവലിക്കാരിൽ ശ്വാസകോശത്തിന്റെ വീക്കം കുറയ്ക്കുന്ന വിറ്റാമിൻ എയും ഇതിലുണ്ട്. പപ്പായയിൽ അടങ്ങിയിരിക്കുന്ന പപ്പെയ്ൻ എന്ന എൻസൈം പ്രോട്ടീനുകളെ വിഘടിപ്പിച്ച് ദഹനത്തെ സഹായിക്കുന്നു. അതിനാൽ, ദഹന സംബന്ധമായ പ്രശ്നങ്ങൾ അല്ലെങ്കിൽ മലബന്ധം എന്നിവ അകറ്റുന്നതിന് സഹായിക്കുന്നു. പപ്പായയിൽ നാരുകളും വെള്ളവും അടങ്ങിയിട്ടുണ്ട്. ഇവ രണ്ടും മലബന്ധം തടയാനും സുഗമമായ മലവിസർജ്ജനം പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു. ആന്റി ഓക്സിഡന്റുകളും ഫൈറ്റോന്യൂട്രിയന്റുകളും പപ്പായയിൽ ധാരാളമുണ്ട്. അതിനാൽ ഹൃദ്രോഗങ്ങളിൽ നിന്നും ക്യാൻസറിൽ നിന്നും ശരീരത്തെ സംരക്ഷിക്കുമെന്ന് പഠനങ്ങൾ പറയുന്നു. നാരുകൾ, പൊട്ടാസ്യം, വിറ്റാമിൻ എന്നിവയുടെ ഉള്ളടക്കം ഹൃദ്രോഗ സാധ്യത തടയാൻ സഹായിക്കുന്നു. ഉയർന്ന നാരുകൾ ഉള്ളതിനാൽ പച്ച പപ്പായ കഴിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവും കൊളസ്ട്രോളും കുറയ്ക്കാൻ സഹായിക്കുമെന്ന് പല ഗവേഷകരും കണ്ടെത്തിയിട്ടുണ്ട്. വിറ്റാമിൻ എ, ബി, സി, കെ എന്നിവയുടെ മികച്ച ഉറവിടമാണ് പപ്പായ. ഇത് മികച്ച പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ഭക്ഷണമായി അറിയപ്പെടുന്നു. മുടിയും ചർമ്മവും ഉൾപ്പെടെയുള്ള ശരീര കോശങ്ങളുടെ വളർച്ചയ്ക്ക് ഇത് വളരെ നല്ലതാണ്. ബന്ധിത ടിഷ്യൂകളുടെ ഘടനാപരമായ പ്രോട്ടീനായ കൊളാജൻ നിലനിർത്താൻ ഇത് സഹായിക്കുന്നു. ഇടത്തരം വലിപ്പമുള്ള പപ്പായ ദൈനംദിന ആവശ്യത്തിന് ഇരട്ടി വിറ്റാമിനുകൾ നൽകുമെന്ന് പറയപ്പെടുന്നു. ഹൃദ്രോഗം ; നിങ്ങൾ അവഗണിക്കാൻ പാടില്ലാത്ത 7 അപകട ഘടകങ്ങൾ



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com